


വാർത്താമാസിക

# ടൈംസ് ഓഫ് അമേരിക്ക

TIMES of AMERICA

2015
ജൂൺ

Volume VI Issue 69

Times of America Online Monthly News Journal.
web:**mytimesofamerica.com**

Tel: 267-991-2111
e-mail:**timesofamerica@yahoo.com**


## റോഹിങ്ക്യകളോടുള്ള വിവേചനം അവസാനിപ്പിക്കണം: പ്രസിഡന്റ് ബറാക് ഒബാമ



*വാഷിംഗ്ടൺ:* മ്യാന്മറിലെ മുസ്ലിം ന്യൂനപക്ഷ വിഭാഗമായ റോഹിങ്ക്യകളോടുള്ള  വിവേചനം സർക്കാർ അവസാനിപ്പിക്കണമെന്ന് അമേരിക്കൻ പ്രസിഡന്റ് ബറാക് ഒബാമ പറഞ്ഞു.

ദക്ഷിണ പൂർവ്വേഷ്യൻ രാജ്യങ്ങളിൽനിന്നെത്തിയ യുവ രാഷ്ട്രീയ നേതാക്കളുമായി വൈറ്റ് ഹൗസിൽ നടത്തിയ കൂടിക്കാഴ്ചയിലാണ്  റോഹിങ്ക്യ വിഷയത്തിലുള്ള തന്റെ നിലപാട് പ്രസിഡന്റ് വെളിപ്പെടുത്തിയത്.

2012ലുണ്ടായ റോഹിങ്ക്യ കലാപത്തിന്റെ ഇരകളാണ് ഇപ്പോൾ അന്തമാൻ കടലിൽ കുടുങ്ങിക്കിടക്കുന്നത്. റോഹിങ്ക്യകൾക്ക് സ്വന്തം രാജ്യത്ത് സുരക്ഷ ഉറപ്പുവരുത്തണം.

അസിസ്റ്റന്റ് സ്റ്റേറ്റ് സെക്രട്ടറി ആനി റിച്ചാർഡും റോഹിങ്ക്യ അനുകൂല പ്രസ്താവന നടത്തിയിരുന്നു.

## ബോ ബൈഡൻ അന്തരിച്ചു



*വാഷിംഗ്ടൺ:* യുഎസ് വൈസ് പ്രസിഡന്റ് ജോ ബൈഡന്റെ മകൻ ബോ ബൈഡൻ (46) അന്തരിച്ചു.

തലച്ചോറിലെ അർബുദത്തെത്തുടർന്നു ചികിത്സയിലായിരുന്ന ബോ ശനിയാഴ്ചയാണു മരണത്തിനു കീഴടങ്ങിയത്. ജോ ബൈഡന്റെ മൂത്തമകനാണു ബോ. വളരെക്കാലമായി അർബുദത്തിനു ചികിത്സയിലായിരുന്നു. ബോയുടെ നിര്യാണത്തിൽ യുഎസ് പ്രസിഡന്റ് ബറാക് ഒബാമ അനുശോചിച്ചു.

## മുഹമ്മദ് ബുഹാരി പ്രസിഡന്റായി സ്ഥാനമേറ്റു

*നൈജീരിയ:* പ്രസിഡന്റായി മുഹമ്മദ് ബുഹാരി സ്ഥാനമേറ്റു. തലസ്ഥാനനഗരമായ അബുജയിൽ നടന്ന ചടങ്ങിൽ ബോകോ ഹറാം തീവ്രവാദികൾക്കെതിരെ പോരാട്ടം നയിക്കുമെന്ന് അദ്ദേഹം പ്രഖ്യാപിച്ചു.

മനസ്സാക്ഷിയും ദൈവഭയവുമില്ലാത്ത ബോകോ ഹറാം ഇസ്ലാമിൽനിന്ന് ഏറെ അകലയാണെന്നും പറഞ്ഞു. സാമ്പത്തികപ്രശ്നങ്ങളും അരക്ഷിതാവസ്ഥയുമുൾപ്പെടെ വെല്ലുവിളികൾ തനിക്കു നേരിടാനുണ്ടെന്നും കൂട്ടിച്ചേർത്തു.

## ഭീകരതയോടും ദാരിദ്ര്യത്തോടും പോരാടണം: ഹിലരി ക്ലിന്റൻ



*വാഷിംഗ്ടൺ:* അമേരിക്കയും ഇന്ത്യയും ചേർന്ന് ഭീകരതയോടും അക്രമത്തോടും ദാരിദ്ര്യത്തോടും പോരാടണമെന്ന് ഡെമോക്രാറ്റിക് പ്രസിഡന്റ് സ്ഥാനാർത്ഥിയായി മത്സര രംഗത്തുള്ള ഹിലരി ക്ളിന്റൻ.

ജൈനമത നേതാവ് ആചാര്യ ഡോ.ലോകേഷ് മുനിയുടെ നേതൃത്വത്തിൽ തന്നെ സന്ദർശിച്ച സംഘത്തോടാണ് ഹിലരി ഇക്കാര്യം പറഞ്ഞത്.

ഭാവിയിൽ അന്താരാഷ്ട്രതലത്തിൽ ഇന്ത്യക്ക് വലിയ പങ്കുവഹിക്കാൻ കഴിയുമെന്നും അവർ പറഞ്ഞു. അഹിംസ വിശ്വഭാരതിയുടെ പത്താം വാർഷിക വേളയുടെ പശ്ചാത്തലത്തിലാണ് കൂടിക്കാഴ്ച നടന്നത്.

## വിൻഡോസ് 10 ജൂലൈയിൽ പുറത്തിറങ്ങും



*വാഷിംടഗൺ:* പുതുതലമുറയെ ലക്ഷ്യം വെച്ചുകൊണ്ട് മൈക്രോസോഫ്റ്റ് വിൻഡോസ് 10 ജൂലൈയിൽ പുറത്തിറങ്ങും. വിൻഡോസിൽ പ്രവർത്തിക്കുന്ന കമ്പ്യൂട്ടറുകളും ടാബ്ലറ്റുകളും ജൂലൈയിൽ വിൽപ്പനയ്ക്കെത്തും. നിലവിലെ വിൻഡോസ് ഉപഭോക്താക്കൾക്ക് ഇത് സൗജന്യമായി ലോഡ് ചെയ്യാം.

സ്മാർട്ട് ഫോണുകൾക്കുൾപ്പെടെയുള്ള വേർഷൻ പിന്നാലെയെത്തും.  ജനപ്രിയ പതിപ്പായ വിൻഡോസ് 7ലെ പല ഫീച്ചറുകളും പുതിയ പതിപ്പിൽ ഉണ്ടാവും. വിൻഡോസിന്റെ എല്ലാ ഉല്പന്നങ്ങളും ഒരൊറ്റ പ്ലാറ്റ്ഫോമിൽ ലഭിക്കും എന്നതാണ് പുതിയ പതിപ്പിന്റെ സവിശേഷത. 190 രാജ്യങ്ങളിലായി 180 കോടി ആളുകൾക്കായാണ് പുതിയ പതിപ്പ് തയ്യാറാക്കിയിരിക്കുന്നതെന്ന് ഓപ്പറേറ്റിംഗ് സിസ്റ്റത്തിന്റെ ചുമതലയുള്ള മൈക്രോസോഫ്റ്റ് വൈസ് പ്രസിഡന്റ് ടെറി മിയേഴ്സ്  അഭിപ്രായപ്പെട്ടു.











## ജോർജ് യിഓ നളന്ദ യൂണിവേഴ്സിറ്റിയുടെ ചാൻസലർ

*ന്യൂഡൽഹി:* സിംഗപ്പൂരിലെ മുൻ വിദേശകാര്യമന്ത്രി ജോർജ് യിഓ നളന്ദ യൂണിവേഴ്സിറ്റിയുടെ ചാൻസലറാകും. നൊബേൽ പുരസ്കാരം നേടിയ അമർത്യാ സെൻ ഒരു മാസം മുമ്പു പിന്മാറിയതിനെത്തുടർന്നാണു പദവി ഒഴിവായത്.

വിദേശകാര്യ മന്ത്രാലയത്തിന്റെ കീഴിലാണു നളന്ദ യൂണിവേഴ്സിറ്റി. ബിഹാറിലെ രാജ്ഗീറാണ് ആസ്ഥാനം. 60 വയസുള്ള യിഓ 2012ൽ പദ്മഭൂഷൺ നേടിയതാണ്. ഇപ്പോൾ നളന്ദ യൂണിവേഴ്സിറ്റി ഗവേണിംഗ് ബോർഡ് അംഗമാണ്.

## ഒരേ റാങ്ക് ഒരേ പെൻഷൻ പദ്ധതി സർക്കാർ പ്രതിജ്ഞാബദ്ധം



*ന്യൂഡൽഹി:* ഒരേ റാങ്ക് ഒരേ പെൻഷൻ പദ്ധതി നടപ്പിലാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നു പ്രധാനമന്ത്രി നരേന്ദ്ര മോദി.

പദ്ധതിയുമായി ബന്ധപ്പെട്ടു നിരവധി കാര്യങ്ങൾ പരിഹരിക്കാനുണ്ടെങ്കിലും പദ്ധതി നടപ്പാക്കുന്ന കാര്യത്തിൽ സംശയം വേണ്ടെന്നു പ്രധാനമന്ത്രി ഉറപ്പു നൽകി. തങ്ങൾ അധികാരം ഏറ്റെടുത്തത് അഞ്ചു വർഷത്തേക്കാണെന്നും അതിനുള്ളിൽ പദ്ധതി നടപ്പാക്കുമെന്നും ചോദ്യത്തിനുത്തരമായി മോദി പറഞ്ഞു.

ഒരു ദേശീയ ദിനപത്രത്തിന് നൽകിയ അഭിമുഖത്തിലാണ് വിമുക്ത ഭടന്മാരുടെ നീണ്ടകാലത്തെ ആവശ്യമായ വൺ റാങ്ക് വൺ പെൻഷൻ പദ്ധതിയുടെ കാര്യത്തിൽ സർക്കാരിന്റെ നിലപാട് പ്രധാനമന്ത്രി വ്യക്തമാക്കിയത്. പദ്ധതി നടപ്പാക്കുന്ന കാര്യത്തിൽ സർക്കാർ പിന്നോട്ടു പോവുകയാണെന്ന രാഹുൽ ഗാന്ധിയുടെ ആരോപണത്തോടു പദ്ധതിയെ രാഷ്ട്രീയമായല്ല താൻ കാണുന്നതെന്നായിരുന്നു മോദിയുടെ മറുപടി. കഴിഞ്ഞ 57 വർഷമായി വിമുക്ത ഭടന്മാർ ആവശ്യപ്പെടുന്ന കാര്യമാണു വൺ റാങ്ക് വൺ പെൻഷൻ പദ്ധതി. അന്ന് അധികാരത്തിലിരുന്നവരാണ് ഇന്ന് ഇക്കാര്യം പറയുന്നതെന്നും മോദി കുറ്റപ്പെടുത്തി.

അതേസമയം, പദ്ധതി എന്നു നടപ്പാക്കുമെന്നാണ് ജനത്തിന് അറിയേണ്ടതെന്ന് മുൻ പ്രതിരോധ മന്ത്രിയും മുതിർന്ന കോൺഗ്രസ് നേതാവുമായ എ.കെ.ആന്റണി പറഞ്ഞു. ഇനിയും വൈകുന്നതു സർക്കാരിന്റെ കുറ്റകരമായ ഉദാസീനതമൂലമാണെന്നും ആന്റണി കൂട്ടിച്ചേർത്തു.

## യാങ്ട്സി നദിയിൽ ടൂറിസ്റ്റ് കപ്പൽ മുങ്ങി നിരവധി പേർ മരിച്ചു



*ബെയ്ജിംഗ്:* മധ്യ ചൈനയിൽ യാങ്ട്സി നദിയിൽ തിങ്കളാഴ്ച രാത്രി ടൂറിസ്റ്റ് കപ്പൽ മുങ്ങി നിരവധി പേർ മരിച്ചു. 458 യാത്രികരുണ്ടായിരുന്ന ഈസ്റ്റേൺ സ്റ്റാർ എന്ന കപ്പൽ മുങ്ങിയിട്ട് 24 മണിക്കൂർ പിന്നിട്ടെങ്കിലും 14 പേരെ മാത്രമേ രക്ഷിക്കാനായുള്ളൂ. അഞ്ചു മൃതദേഹങ്ങൾ കിട്ടി. കാണാതായവർക്കുവേണ്ടി തെരച്ചിൽ തുടരുകയാണ്.

പ്രായംചെന്നവരായിരുന്നു യാത്രികരിലേറെയും. കിഴക്കൻ ചൈനയിലെ നാൻജിംഗിൽനിന്ന് വടക്കുപടിഞ്ഞാറൻ ചൈനയിലെ ചോങ്കിംഗിലേക്കു പോയ നാലുനില കപ്പൽ തിങ്കളാഴ്ച രാത്രി 9.28 നാണ് അപകടത്തിൽപ്പെട്ടത്. 6300 കിലോമീറ്റർ നീളമുള്ളതും ഏഷ്യയിലെ ഏറ്റവും ദൈർഘ്യമേറിയതുമായ യാങ്ട്സി നദിയുടെ ജിലാനി മേഖലയിലായിരുന്നു ദുരന്തം.

ചുഴലിക്കാറ്റുണ്ടായതിനെത്തുടർന്ന് കപ്പൽ ഇളകിയാടിയെന്നും രണ്ടുമിനിറ്റിനകം മുങ്ങിയെന്നുമാണ് കപ്പലിന്റെ ക്യാപ്റ്റനും ചീഫ് എൻജിനീയറും പറയുന്നത്. ഇരുവരെയും കസ്റ്റഡിയിലെടുത്തു.

## അംബേദ്കറുടെ 125ാം ജന്മ ദിനം വിപുലമായി ആഘോഷിക്കാൻ കേന്ദ്രസർക്കാർ തീരുമാനം



*രാഹുൽ ഗാന്ധി അംബേദ്കർ സമാധിയിൽ*

*ന്യൂഡൽഹി:* ഭരണഘടനാ ശിൽപിയായ ബി.ആർ അംബേദ്കറുടെ 125-ാം ജന്മ ദിനം വിപുലമായി ആഘോഷിക്കാൻ കേന്ദ്രസർക്കാർ തീരുമാനിച്ചു.

പ്രധാനമന്ത്രി നരേന്ദ്രമോദി ചെയർമാനായ കമ്മിറ്റിയാണു വിവിധ പരിപാടികൾക്കു രൂപം നൽകുക. രാജ്നാഥ് സിംഗ്, അരുൺ ജയ്റ്റ്ലി, സുഷമ സ്വരാജ്, വെങ്കയ്യ നായിഡു, സ്മൃതി ഇറാനി, സദാനന്ദ ഗൗഡ, രാം വിലാസ് പസ്വാൻ, സുരേഷ് പ്രഭു എന്നിവരാണു കമ്മിറ്റിയിലെ മറ്റ് അംഗങ്ങൾ. 197 കോടി രൂപ ചെലവഴിച്ചു നിർമിക്കുന്ന അംബേദ്കർ ഇന്റർനാഷണൽ സെന്റർ ആയിരിക്കും ഇതിൽ പ്രധാനം. ഇതിനു പുറമേ, അംബേദ്കറുടെ പേരിൽ സ്റ്റാമ്പും നാണയവും പുറത്തിറക്കുക, ഡൽഹിയിലും അലിപൂരിലും മെമോറിയൽ സ്ഥാപിക്കുക, സെമിനാറുകളും ക്ലാസുകളും സംഘടിപ്പിക്കുക എന്നിങ്ങനെ നിരവധി പരിപാടികൾ നടത്തും.

അംബേദ്കറുടെ ജന്മദിനം ആഘോഷിക്കാനുള്ള കോൺഗ്രസ് തീരുമാനം പരിഹാസ്യമാണെന്നും അധികാരത്തിലിരുന്നപ്പോൾ അദ്ദേഹത്തെ മാനിക്കാത്തവരാണു കോൺഗ്രസെന്നും സാമൂഹ്യനീതി മന്ത്രി തവർ ചന്ദ് ഗെഹലോട്ട് ആരോപിച്ചു. ബിഹാർ നിയമസഭാ തെരഞ്ഞെടുപ്പു മുന്നിൽകണ്ടു ദളിത്വോട്ടുകൾ വൻതോതിൽ അനുകൂലമാക്കുകയാണു ഇതിലൂടെ ബിജെപി ലക്ഷ്യമിടുന്നതെന്നാണു വിലയിരുത്തൽ. കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ ദളിത് വോട്ടുകൾ നേടുന്നതിൽ ബിജെപി കുറെയൊക്കെ വിജയിച്ചിരുന്നു.

## ലാന സാഹിത്യ പുരസ്കാരങ്ങൾക്ക് കൃതികൾ ക്ഷണിക്കുന്നു

*ഷിക്കാഗോ:* ലിറ്റററി അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്കയുടെ (ലാന) 2015-ലെ സാഹിത്യ പുരസ്കാരങ്ങൾക്ക് അമേരിക്ക, കാനഡ എന്നിവിടങ്ങളിൽ അധിവസിക്കുന്ന മലയാളി എഴുത്തുകാരിൽ നിന്ന് കൃതികൾ ക്ഷണിക്കുന്നു. നോവൽ, ചെറുകഥ, കവിത എന്നീ വിഭാഗങ്ങളിൽ 2010 മുതൽ 2015 വരെയുള്ള കാലയളവിൽ പ്രസിദ്ധീകരിച്ച പുസ്തകങ്ങളാണ് അവാർഡിനു പരിഗണിക്കുന്നത്. അവാർഡ് ജേതാക്കളെ ഒക്ടോബർ മാസം ഡാളസിൽ വച്ചു നടക്കുന്ന ലാനയുടെ പത്താമത് നാഷണൽ കൺവൻഷനിൽ പുരസ്കാരങ്ങൾ നൽകി ആദരിക്കുന്നതാണ്.

താത്പര്യമുള്ളവർ പുസ്തകങ്ങളുടെ മൂന്നു കോപ്പികൾ അവാർഡ് കമ്മിറ്റി ചെയർമാൻ വാസുദേവ് പുളിക്കലിന്റെ പേരിൽ 2015 ജൂലൈ 15 നു മുമ്പു ലഭിക്കത്തക്കവിധം അയയ്ക്കുക. വിലാസം: 8 Harcourt road, Plainview, Newyork 11803. കൂടുതൽ വിവരങ്ങൾക്ക്: വാസുദേവ് പുളിക്കൽ 5167491939, ഷാജൻ ആനിത്തോട്ടം (847 322 1181), ജോസ് ഓച്ചാലിൽ (469 363 5642). ഷാജൻ ആനിത്തോട്ടം അറിയിച്ചതാണിത്.

## ധനശേഖരണാർത്ഥം ജയറാം ഷോ

*ന്യൂജേഴ്സി:* സെന്റ് ബസേലിയോസ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് ദേവാലയത്തിന്റെ ധനശേഖരണാർഥം നടത്തുന്ന ജയറാം ഷോയുടെ ടിക്കറ്റ് കിക്ക്ഓഫ്, ദേവാലയത്തിന്റെ ദീർഘകാല അഭ്യുദയകാംക്ഷി മൈക്കിൾ തോമസിനു (വിഷൻ ടൂർസ് ആൻഡ് ട്രാവൽസ്) നൽകി ഇടവക വികാരി ഫാ.സി.സി. മാത്യു നിർവഹിച്ചു. ഫാ. വിജയ് തോമസ് സന്നിഹിതനായിരുന്നു.

ഈ മെഗാഷോയിൽ പങ്കെടുത്ത് വിജയിപ്പിക്കണമെന്ന്, പ്രോഗ്രാം കൺവീനർ വൽസൻ വർഗീസ്, ട്രഷറർ സിജു പോൾ എന്നിവർ അഭ്യർഥിച്ചു. പരിപാടിയുടെ പരിപൂർണ വിജയത്തിനായി സുനിൽ തോമസ് (908) 672 4350, ഫിലിപ്പ് ജോഷ്വ (732) 272 7365, ജോർജ് മാത്യു (ബൈജു) (732) 429 4955, വൽസൻ വർഗീസ് (908) 2855901 എന്നിവർ പ്രയത്നിക്കുന്നു. കൂടുതൽവിവരങ്ങൾക്ക് കുര്യാക്കോസ് ജേക്കബ് (908) 500 1821, മാത്യു ജോസഫ് (ബിനു) (609) 721 3376, സന്തോഷ് തോമസ് (848) 448 1375. website sbgoc.org

ന്യൂജേഴ്സിയിൽനിന്നു ജേക്കബ് നൈനാൻ (973) 650 0995 അറിയിച്ചതാണിത്.



## മാഗി നൂഡിൽസ് വില്പന നിർത്തിവയ്ക്കാൻ തീരുമാനം

*കൊച്ചി:* സപ്ലൈകോ സ്റ്റോറുകൾ വഴിയുള്ള മാഗി നൂഡിൽസ് വില്പന തത്കാലത്തേക്കു നിർത്തിവയ്ക്കാൻ സംസ്ഥാന സിവിൽ സപ്ലൈസ് കോർപറേഷൻ തീരുമാനിച്ചു.

രണ്ടു നിമിഷം കൊണ്ട് തയാറാക്കാവുന്ന മാഗി നൂഡിൽസ് ഉയർന്ന തോതിലുള്ള രാസവസ്തുക്കളുടെ സാന്നിധ്യം കൊണ്ട് ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങൾ ലംഘിക്കുന്നുവെന്ന ആരോപണം ഉയർന്ന സാഹചര്യത്തിലാണ് തീരുമാനമെന്ന് സപ്ലൈകോ മാനേജിംഗ് ഡയറക്ടർ എ.ടി. ജയിംസ് പറഞ്ഞു.

ഇൻസ്റ്റന്റ് ന്യൂഡിൽസ് വിശദമായ രാസപരിശോധനയ്ക്കു വിധേയമാക്കും. അതിന്റെ ഫലം ലഭിച്ചാലേ നൂഡിൽസ് വിൽപ്പന പൂർണമായും നിർത്തലാക്കണമോ എന്ന കാര്യത്തിൽ അന്തിമ തീരുമാനമെടുക്കൂ എന്നും അദ്ദേഹം പറഞ്ഞു.

ഭക്ഷ്യ-സിവിൽ സപ്ലൈസ് മന്ത്രി അനൂപ് ജേക്കബിന്റെ നിർദേശപ്രകാരമാണ് നടപടി. സംസ്ഥാനത്ത് ഉടനീളമുള്ള സപ്ലൈകോ സ്റ്റോറുകളിൽനിന്നു മാഗി നൂഡിൽസ് പായ്ക്കറ്റുകളുടെ സ്റ്റോക്ക് തിരിച്ചയയ്ക്കാൻ നിർദേശം നൽകിയിട്ടുണ്ട്. ഈ ആഴ്ചത്തെ നിർദിഷ്ട പർച്ചേസ് ഓർഡറിൽ മാഗി നൂഡിൽസ് ഉൾപ്പെടുത്തിയിട്ടില്ല.

ഉത്തർപ്രദേശ് ഫുഡ് ആൻഡ് ഡ്രഗ് അഡ്മിനിസ്ട്രേഷൻ വിഭാഗം നടത്തിയ പരിശോധനയിൽ മാഗി നൂഡിൽസിൽ ആപത്കരമായ അളവിൽ ഈയവും മോണോസോഡിയം ഗ്ലൂട്ടാമേറ്റും കണ്ടെത്തിയിരുന്നു.

## മാവോയിസ്റ്റ്: രൂപേഷും ഭാര്യ ഷൈനിയും റിമാൻഡിൽ

*കൊച്ചി:* മാവോയിസ്റ്റ് നേതാക്കളായ മല്ലരാജ റെഡ്ഢിയെയും ഭാര്യ ബീച്ച ജഗണ്ണയെയും പെരുമ്പാവൂരിൽ ഒളിവിൽ താമസിപ്പിച്ച കേസിൽ അറസ്റ്റിലായ രൂപേഷിനെയും ഭാര്യ ഷൈനിയെയും എറണാകുളം അഡീഷണൽ സെഷൻസ് ജഡ്ജി കെ.എം. ബാലചന്ദ്രൻ ഈ മാസം പത്തുവരെ റിമാൻഡ് ചെയ്തു. പത്തു ദിവസം പോലീസ് കസ്റ്റഡിയിലായിരുന്നു ഇരുവരും.

കനത്ത പോലീസ് കാവലിലാണ് ഇന്നലെ ഇവരെ കോടതിയിലെത്തിച്ചത്. ശാരീരിക ബുദ്ധിമുട്ടുള്ളതിനാൽ വൈദ്യസഹായം വേണമെന്ന് ഇരുവരും കോടതിയോട് ആവശ്യപ്പെട്ടു. എറണാകുളം മെഡിക്കൽ കോളജ് ആശുപത്രിയിലെത്തിച്ച് ഇവർക്ക് ആവശ്യമായ വൈദ്യസഹായം ഉറപ്പുവരുത്താൻ കോടതി നിർദേശിച്ചു.

കസ്റ്റഡിയിൽ മറ്റ് ഏജൻസികൾ തങ്ങളെ ചോദ്യം ചെയ്തെന്ന പരാതി പരിഗണിച്ച കോടതി ഇക്കാര്യത്തിൽ റിപ്പോർട്ട് നൽകാനും അന്വേഷണ സംഘത്തിനു നിർദേശം നൽകി.

കോടതി നടപടികൾക്കുശേഷം ഇവർക്കു മകളുമായി സംസാരിക്കാൻ അനുമതി നൽകി.

## പോലീസ് സേവനം ഫലപ്രദമാകണം: ഡി.ജി.പി.സെൻകുമാർ

*തിരുവനന്തപുരം:* പൊതുജനങ്ങൾക്ക് അനാവശ്യ അസൗകര്യങ്ങളുണ്ടാക്കാതെയും വിവാദങ്ങൾ ഒഴിവാക്കിയും വാഹനപരിശോധന ഫലപ്രദമായി നടത്തണമെന്നു സംസ്ഥാന പോലീസ് മേധാവി ടി.പി. സെൻകുമാർ പോലീസിനു നിർദേശം നല്കി.

വാഹനപരിശോധന നിരവധി കാരണങ്ങളാൽ ഒഴിവാക്കാനാകാത്ത ഒരു പോലീസ് കർത്തവ്യമാണ്. ഗതാഗത അപകടങ്ങൾ ഇല്ലാതാക്കുക, ലൈസൻസ്, ഇൻഷ്വറൻസ് തുടങ്ങിയ രേഖകൾ ഉണ്ടെന്ന് ഉറപ്പുവരുത്തുക, വാഹനമോഷണങ്ങൾ തടയുക, കുറ്റവാളികളുടെ സുഗമമായ സഞ്ചാരം ഇല്ലാതാക്കുക, ആയുധങ്ങൾ, സ്ഫോടകവസ്തുക്കൾ, മയക്കുമരുന്ന് എന്നിവയുടെ കടത്ത് തടയുക, തട്ടികൊണ്ടുപോകൽ പോലുള്ള കുറ്റകൃത്യങ്ങൾ തടയുക തുടങ്ങിയവ വാഹനപരിശോധനയുടെ ലക്ഷ്യങ്ങളാണ്.

എന്നാൽ, മേൽപ്പറഞ്ഞ കാര്യങ്ങൾക്കല്ലാതെ വാഹനപരിശോധന നടത്തുന്നതു നിയമവിരുദ്ധമായി ജനങ്ങളിൽ നിന്നു പണം പിരിക്കുന്നതിനാണെന്ന തെറ്റിദ്ധാരണ ഉണ്ടാകുന്നതും ചിലപ്പോഴെങ്കിലും വാഹനപരിശോധനയുടെ പേരിൽ ദുരന്തങ്ങളുണ്ടാകുന്നതും ഒഴിവാക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് ഇതു സംബന്ധിച്ച നിർദേശങ്ങൾ പുറപ്പെടുവിച്ചതെന്ന് അദ്ദേഹം വിശദീകരിച്ചു.

സാധാരണ നിലയിൽ ഓരോ പോലീസ് ജില്ലയിലും പകലും രാത്രിയും വാഹനപരിശോധന നടത്താൻ ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥരുടെ പേര്, സ്ഥാനപ്പേര്, ഉപയോഗിക്കുന്ന വാഹനത്തിന്റെ നമ്പർ എന്നിവ അതാതു ദിവസം രാവിലെ ജില്ലാ പോലീസ് കൺട്രോൾ റൂമിൽ അറിയിക്കണം. ഏതെല്ലാം സ്ഥലങ്ങളിൽ ഏതെല്ലാം ഉദ്യോഗസ്ഥരാണു വാഹനപരിശോധനയിൽ ഏർപ്പെട്ടിരിക്കുന്നതെന്ന് അതത് ജില്ലാ പോലീസ് മേധാവിമാരും ജില്ലാ പോലീസ് കൺട്രോൾ റൂമും മനസിലാക്കി സൂക്ഷിക്കുകയും വേണം. ഇങ്ങനെ ഏർപ്പെടുത്തിയിട്ടുള്ള ഓഫീസർമാരിൽ കൂടുതലായി ഏതെങ്കിലും ഗൗരവമുള്ള കുറ്റകൃത്യങ്ങളെ തുടർന്നോ മറ്റോ ഉള്ള പ്രത്യേക സാഹചര്യത്തിൽ വാഹനപരിശോധന ഏർപ്പെടുത്തേണ്ടി വന്നാൽ, അതല്ലെങ്കിൽ ഫീൽഡിലുള്ള ഏതെങ്കിലും ഓഫീസർമാർ വാഹന പരിശോധന നടത്തേണ്ട ആവശ്യം വന്നാൽ, അക്കാര്യം ജില്ലാ പോലീസ് കൺട്രോൾ റൂമിൽ അറി യിച്ചശേഷം പരിശോധന നടത്തണം.

## ചുനക്കര രാമൻകുട്ടിക്ക് ഗുരുനിത്യചൈതന്യയതി സൗഹൃദമുദ്ര പുരസ്കാരം നൽകി



*മാവേലിക്കര:* ചുനക്കര രാമൻ കുട്ടിക്ക് ഗുരുനിത്യചൈതന്യയതി ഫൗണ്ടേഷൻ സൗഹൃദമുദ്ര പുരസ്കാരം കേരള ഹൈക്കോർട്ട് ജഡ്ജ് ജസ്റ്റീസ് ബാബു മാത്യു പി. ജോസഫ് സമ്മാനിച്ചു.

ഫൗണ്ടേഷൻ ഡയറക്ടർ ജോർജ് തഴക്കര അദ്ധ്യക്ഷത വഹിച്ചു. ചുനക്കര ജനാർദ്ദനൻനായർ, വൈസ് പ്രസിഡന്റ് അനി വർഗീസ്, സെക്രട്ടറി ടി.ആർ.രാജേന്ദ്രൻ, ട്രഷറർ മിനി ജോർജ്, അംഗങ്ങളായ പ്രൊഫ.എൻ.പരമേശ്വരൻ, പ്രൊഫ.വി.രാധാമണിക്കുഞ്ഞമ്മ, അഡ്വ.ഇറവങ്കര വിശ്വനാഥൻ, ഡോ.ഏ.വി.ആനന്ദരാജ് എന്നിവർ പ്രസംഗിച്ചു. എസ്.എസ്.എൽ.സിക്ക് എല്ലാ വിഷയത്തിനും എ പ്ലസ് നേടിയ വിദ്യാർത്ഥികളെ സമ്മേളനത്തിൽ ആദരിച്ചു. നെബു കോഴഞ്ചേരിയുടെ ഭരതദർശൻ ഫോട്ടോ പ്രദർശനവും ഉണ്ടായിരുന്നു.

ഗുരുസമാധിയാചരണത്തിനു മുന്നോടിയായി മൂന്നു ദിവസങ്ങളിലായി നടന്ന ജീവിതവഴികളിലൂടെ പ്രഭാഷണപരമ്പരയിൽ മജീഷ്യൻ സാമ്രാജ്, നോവലിസ്റ്റ് കെ.കെ.സുധാകരൻ, ചുനക്കര രാമൻകുട്ടി എന്നിവർ ജീവിതാനുഭവങ്ങൾ പങ്കുവച്ചു.

103 വർഷം മുമ്പ് ടൈറ്റാനിക് ദുരന്തത്തിന്റെ വാർത്ത പ്രസിദ്ധീകരിച്ച ന്യൂയോർക്ക് ട്രിബ്യൂൺ പത്രം അമേരിക്കൻ മലയാളിയായ ജെയ്സനിൽ നിന്നും സെക്രട്ടറി ടി.ആർ.രാജേന്ദ്രൻ സ്വീകരിച്ചു. ജീവകാരുണ്യപദ്ധതിയുടെ ഭാഗമായി ഒരു ലക്ഷം രൂപയുടെ എൻഡോവ്മെന്റ് പ്രൊഫ.എൻ.പരമേശ്വരനിൽനിന്നും ട്രഷറർ മിനി ജോർജ് സ്വീകരിച്ചു.

## ശബരീനാഥൻ യു ഡിഎഫ് സ്ഥാനാർഥി



*തിരുവനന്തപുരം:* അരുവിക്കര ഉപതെരഞ്ഞെടുപ്പിൽ ജി. കാർത്തികേയന്റെ മകൻ കെ.എസ്. ശബരീനാഥൻ യുഡിഎഫ് സ്ഥാനാർഥി. മത്സര രംഗത്തേക്ക് ഇല്ലെന്നറിയിച്ച കാർത്തികേയന്റെ ഭാര്യ എം.ടി. സുലേഖ, മകൻ ശബരീനാഥന്റെ പേരു നിർദേശിക്കുകയായിരുന്നു. തുടർന്നു കോൺഗ്രസ് ഉപാധ്യക്ഷൻ രാഹുൽ ഗാന്ധിയുടെ അനുമതിയോടെ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയും കെപിസിസി പ്രസിഡന്റ് വി.എം. സുധീരനും സുലേഖയുടെ നിർദേശം അംഗീകരിച്ചതോടെ അന്തരിച്ച മുൻ സ്പീക്കർ ജി. കാർത്തികേയന്റെ മകൻ അരുവിക്കരയിലെ യുഡിഎഫ് പോരാളിയായി.


# St.Thomas Indian Orthodox Church

## 1009 Unruh Avenue, Philadelphia, PA 19111

**Rental Space Available**

1. **Community Hall**: Seating 1000 persons in auditorium style for community functions.seating for 600 persons in banquest style, beautiful ambience, serving countries, kitchens, and furniture.
2. **Sanctuary**: For Special occassions such as wedding, baptism, etc. An excellent Orthodox Architectural masterpiece Altar with efficient PA system, elevated stage etc, Seating 500 persons.
3. **Chapel**: Can hold approximately 100 persons, serene atmosphere, ideal for small communities, time flexibility, cozy atmosphere.
4. **Other Rooms**: Facility for workshop, enterpreneurial classes, training programs, spiritual fellowships, small parties for birthday, anniversary etc.

**Amenities:** 40 designated parking spaces and ambles street parking. Four sets of restrooms, open foyers, coatrooms, bridal rooms, etc. Reasonable rent, fully aircondtioned, convenient location, friedly neighborhood and more.

*For more information contact*

**(215)342-1500. Fax your needs to (215) 342-2700**

**PEACE OF MIND CHARITIES, LLC**
130 Alburger Ave, Philadelphia. PA 19115,



*ഫിലഡൽഫിയ:* പീസ് ഓഫ് മൈൻഡ് ചാരിറ്റീസിന്റെ നേതൃത്വത്തിൽ ടൈംസ് ഓഫ് അമേരിക്ക ഓൺ ലൈൻ ന്യൂസിന്റെയും കേരളത്തിൽ പ്രവർത്തിച്ചുവരുന്ന ഗുരു നിത്യചൈതന്യ യതി ഫൗണ്ടേഷന്റെയും സഹകരണത്തിൽ ചികിത്സാ സഹായവും വിദ്യാഭ്യാസ സ്കോളർഷിപ്പും നൽകുവാനുള്ള പദ്ധതികൾക്ക് തുടക്കം കുറിച്ചിരിക്കുന്നു.

സാമ്പത്തിക ക്ലേശത്താൽ നട്ടംതിരിയുന്ന കുടുംബങ്ങൾക്ക് രോഗചികിത്സയ്ക്കും വിദ്യാഭ്യാസ സഹായത്തിനുമായി പീസ് ഓഫ് മൈൻഡ് ചാരിറ്റീസ് ഫണ്ട് സമാഹരിക്കുന്നു.

നിങ്ങൾ നൽകുന്ന ജീവകാരുണ്യ തുക പീസ് ഓഫ് മൈൻഡിലൂടെ നിങ്ങൾ നിർദ്ദേശിക്കുന്ന അർഹതയുള്ള വ്യക്തികൾക്കു നൽകുവാനുള്ള പദ്ധതിയും ഇതോടൊപ്പം ചെയ്തുവരുന്നു.

അർഹരായവരുടെ കൈകളിൽ നിങ്ങൾ നൽകുന്ന സഹായം നൽകുവാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. ജനനം, മാമോദിസ, വിവാഹം തുടങ്ങിയുള്ള ആഘോഷങ്ങളിൽ നിന്നും ഒരു നിശ്ചിത തുക ജീവകാരുണ്യപ്രവർത്തനങ്ങൾക്കായി നീക്കിവയ്ക്കുവാൻ തീരുമാനിക്കുകയും നിങ്ങളുടെ സുഹൃത്തുക്കളോടും, ബന്ധുക്കളോടും ഇതിന്റെ ആവശ്യകതയെക്കുറിച്ചു ബോധ്യപ്പെടുത്തുകയും ചെയ്യുന്നതിലൂടെ അനേകരെ ജീവിതത്തിലേക്ക് തിരിച്ചു കൊണ്ടുവരുവാനും കൈപിടിച്ചുയർത്തുവാനും കഴിയും. അവരുടെ പ്രാർത്ഥന നിങ്ങളുടെ ജീവിതത്തെ കുറച്ചുകൂടി മെച്ചപ്പെടുത്തുവാൻ സഹായിക്കും.



വാർത്താസമാഹരണം
ജോയിച്ചൻ പുതുക്കുളം

# വേൾഡ് മലയാളി കൗൺസിൽ ന്യൂജേഴ്സി പ്രൊവിൻസ് യൂത്ത് വിംഗ് ചാരിറ്റി ഡ്രൈവ് നടത്തി

*ന്യൂജേഴ്സി:* വേൾഡ് മലയാളി കൗൺസിൽ ന്യൂജേഴ്സി പ്രൊവിൻസ് യൂത്ത് വിംഗിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ചാരിറ്റി ഡ്രൈവ് ജനപങ്കാളിത്തംകൊണ്ട് വൻ വിജയമായി. ന്യൂജേഴ്സി മോണ്ട് ക്ലയറിൽ ലഹരിക്ക് അടിമപ്പെട്ട് സമൂഹത്തിൽ ഒറ്റപ്പെട്ടുപോയ യുവതികളെ ലഹരി വിമുക്തമാക്കി പുനരധിവസിപ്പിക്കുന്നതിനുവേണ്ടി പ്രവർത്തിക്കുന്ന 'റിയൽ ഹൗസ് ഇൻകി'ലെ അന്തേവാസികൾക്ക് ആവശ്യമായ സാധനങ്ങൾ വിവിധ സംഘടനകളിൽ നിന്നും, സാമൂഹ്യ പ്രതിബദ്ധതയുള്ള വ്യക്തികളിൽ നിന്നും സമാഹരിച്ച് മേയ് 31 ഞായറാഴ്ച റിയൽ ഹൗസ് ഇൻകിന്റെ അധികാരികൾക്കു യൂത്ത് വിംഗ് കോ-ഓർഡിനേറ്റർ പിന്റോ ചാക്കോയും, ചാരിറ്റി കോ-ഓർഡിനേറ്റർ നെവിൻ വർഗീസും കൈമാറി.



യൂത്ത് വിംഗിന്റെ സാമൂഹ്യ പ്രതിബദ്ധതയെ റിയൽ ഹൗസ് ഇൻക് ഡയറക്ടർ വൂബൽ ഫെബറിസ് പ്രകീർത്തിക്കുകയും നന്ദി അറിയിക്കുകയും ചെയ്തു. യൂത്ത് വിംഗ് രൂപവത്കരിച്ചപ്പോൾ നാം നിലനിൽക്കുന്ന സമൂഹത്തിനുവേണ്ടി എന്തു ചെയ്യണം എന്ന ചിന്തയിൽനിന്നാണു പ്രഥമ പദ്ധതി എന്ന നിലയിൽ ചാരിറ്റി ഡ്രൈവ് നടത്താൻ അംഗങ്ങൾ തീരുമാനിച്ചതെന്നു പറഞ്ഞ പിന്റോ അത് വിജയകരമാക്കാൻ സഹായിച്ച യൂത്ത് വിംഗ് അംഗങ്ങളായ റീനു വർഗീസ്, ജസ്റ്റിൻ ഫിലിപ്പ്, നെവിൻ വർഗീസ്, ജോയൽ ഷാജി, അലക്സ് സക്കറിയ, റൂത്ത് സക്കറിയ എന്നിവരുടെ ഉത്സാഹത്തെയും ആത്മ സമർപ്പണത്തെയും അനുമോദിച്ചു.

യൂത്ത് വിംഗിന്റെ ക്രിയാത്മകമായ പ്രവർത്തനത്തെ ന്യൂജേഴ്സി പ്രോവിൻസ് ഭാരവാഹികളായ ആൻഡ്രൂ പാപ്പച്ചൻ, തങ്കമണി അരവിന്ദൻ, റ്റി.വി. ജോൺ, സോമൻ ജോൺ, ജോൺ സക്കറിയ, അനിൽ പുത്തൻചിറ എന്നിവർ അനുമോദിച്ചു.

# മട്ടന്നൂർ ശങ്കരൻകുട്ടി മാരാരും സംഘവും ന്യൂയോർക്കിൽ

വിനോദ് കൊണ്ടൂർ ഡേവിഡ്




*ന്യൂയോർക്ക്:* ഫോർ ദ പീപ്പിൾ എന്റർടൈൻമെന്റിന്റെ ബാനറിൽ 'നാദബ്രഹ്മം' എന്ന പരിപാടിയുമായി പ്രശസ്ത വാദ്യ വിദ്വാൻ മട്ടന്നൂർ ശങ്കരൻകുട്ടി മാരാരും വയലിനിസ്റ്റും സംഗീത സംവിധായകനുമായ ബാലഭാസ്കറും സംഘവും സംഗീതസന്ധ്യ അവതരിപ്പിക്കുന്നതിനായി ജൂലൈയിൽ എത്തുന്നു.

സംഗീത സംവിധായകനും വയലിനിസ്റ്റുമായ ബാലഭാസ്കർ, മംഗല്യപല്ലക്ക് എന്ന സിനിമയ്ക്കു സംഗീത സംവിധാനം ചെയ്തതോടുകൂടി, മലയാള സിനിമയിലെ ഏറ്റവും പ്രായം കുറഞ്ഞ സംഗീത സംവിധായകൻ എന്ന ബഹുമതി നേടിയിരുന്നു. ഉസ്താദ് സക്കീർ ഹുസൈൻ, ശിവമണി, ലൂയിസ് ബാങ്ക്സ്, വിക്കു വിനായകം, ഹരിഹരൻ, മട്ടന്നൂർ ശങ്കരൻകുട്ടി, രഞ്ജിത്ത് ബരോട്ട്, ഫസൽ കുറേഷി തുടങ്ങിയ പ്രശസ്തരുമായി വേദി പങ്കിട്ടിട്ടുണ്ട്.

ഇവരോടൊപ്പം അനുഗ്രഹീത ഗായകരായ ബിജു നാരായണനും മാളവികയും പരിപാടികൾക്കു കൊഴുപ്പേകും.

വിവരങ്ങൾക്ക്: 301 661 9356.

# എകെ എംജി കൺവൻഷൻ സെപ്റ്റംബറിൽ




*ന്യൂയോർക്ക്:* നിശബ്ദ സേവനത്തിന്റെ മൂന്നര പതിറ്റാണ്ട് പിന്നിടുന്ന അസോസിയേഷൻ ഓഫ് കേരളാ മെഡിക്കൽ ഗ്രാജ്വേറ്റ്സ് (എകെഎംജി) പുതിയ ലക്ഷ്യവും പുത്തനുണർവുമായി 36-ാമത് കൺവൻഷൻ സെപ്റ്റംബർ നാലിനു ഫിലഡൽഫിയ മാരിയട്ട് ഡൗൺടൗൺ ഹോട്ടലിൽ നടക്കും.

കേരള ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല മുഖ്യാതിഥിയായി പങ്കെടുക്കുന്ന സമ്മേളനത്തിൽ ആന്റോ ആന്റണി എംപി, ആപി പ്രസിഡന്റ് ഡോ. സീമ ജയിൻ, പെൻസിൽവേനിയയിലെ രാഷ്ട്രീയ നേതാക്കൾ തുടങ്ങിയവർ പങ്കെടുക്കും.

ദീർഘകാലം മനസിൽ താലോലിക്കാനുള്ള അനുഭൂതികൾ പകരുന്ന സമ്മേളനം സംഘടനയെ അടുത്ത തലത്തിലേക്ക് ഉയർത്തുന്നതുമായിരിക്കുമെന്ന് എകെഎംജി പ്രസിഡന്റ് ഡോ. അലക്സ് തോമസ്, കൺവൻഷൻ ചെയർ ഡോ. ജോസഫ് മാത്യു, എന്റർടെയ്ൻമെന്റ് ചെയർ ഡോ. മാത്യു ചാക്കോ എന്നിവരുടെ നേതൃത്വത്തിൽ ഡോക്ടർമാർ ഇന്ത്യാ പ്രസ്ക്ലബിൽ നടത്തിയ പത്രസമ്മേളനത്തിൽ പറഞ്ഞു.

ഡോക്ടർമാരായ ധീരജ് കമലം, തോമസ് മാത്യു, മോഹൻ ഏബ്രഹാം, ജോൺ ഏബ്രഹാം, ആശാലത നായർ, റിബേക്ക വർഗീസ്, കുര്യൻ ഏബ്രഹാം, ആൻ മാത്യു, ബിന്ദു പിള്ള, ഫിലിപ്പ് കെ. ഫിലിപ്പ് എന്നിവർ പങ്കെടുത്തു.

സെപ്റ്റംബർ 4, വെള്ളിയാഴ്ച സ്പിരിറ്റ് ഓഫ് ഫിലാഡൽഫിയ എന്ന ബോട്ടിൽ ഡിന്നർ ക്രൂസോടെയാണു തുടക്കം. ചെണ്ടമേളവും താലപ്പൊലിയും ഓണസദ്യയും കലാപരിപാടികളും അരങ്ങേറും. ശനിയാഴ്ച ഡോ. അബ്ദുള്ള ഗോറി, ഡോ. ആശാ തോമസ് എന്നിവരുടെ നേതൃത്വത്തിലുള്ള കണ്ടിന്യൂയിംഗ് മെഡിക്കൽ എഡ്യൂക്കേഷൻ (സിഎംഇ) ഏറെ പുതുമകളുള്ളതും ക്രെഡിറ്റ് കിട്ടുന്നതുമാണ്. പ്രത്യേക അവതരണം, ചർച്ച എന്നിവ പുതുമയായിരിക്കും. വൈകുന്നേരം കലാപരിപാടികളിൽ ബീനാ മേനോനും സംഘവും അവതരിപ്പിക്കുന്ന അമൃത സന്ധ്യ വേറിട്ട പരിപാടി ആയിരിക്കും. തുടർന്നു കാമ്പസ് കോമഡി, ഡാൻസ്.

സമാപന ദിനം ജയറാം ഷോ ആണു പ്രധാന കലാപരിപാടി. നാദിർഷാ സംവിധാനം ചെയ്യുന്ന ഷോയിൽ പ്രിയാ മണി, പിഷാരടി, ധർമജൻ തുടങ്ങി ഒട്ടേറെ പേർ പങ്കെടുക്കുന്നു. ഉണ്ണി മേനോന്റെ ഗാനമേളയുമുണ്ട്. ഡോ. എസ്. രാമചന്ദ്രൻ നായർ നേതൃത്വം നൽകുന്ന ലിറ്ററി സമ്മേളനം, ഡോ.ആശാലത നായർ കോഓർഡിനേറ്റ് ചെയ്യുന്ന സ്പോർട്സ് തുടങ്ങിയവയും ശ്രദ്ധേയമായിരിക്കും. സുവനീർ ഡോ. തോമസ് മാത്യുവിന്റെ നേതൃത്വത്തിൽ ഒരുങ്ങുന്നു. അതിലേക്കു സൃഷ്ടികൾ, പരസ്യങ്ങൾ എന്നിവ നൽകാം.

കൺവഷൻ കിക്ക്ഓഫ് മീറ്റിംഗ് ജൂൺ 7 ന് ഫിലഡൽഫിയയിലെ ഷോഗുൺ റസ്റ്ററന്റിൽ സംഘടിപ്പിക്കുന്നുണ്ട്. ഡിട്രോയിറ്റ്, ചിക്കാഗോ നഗരങ്ങളിലും കിക്ക് ഓഫ് താമസിയാതെ നടത്തും.

ഇന്ത്യ പ്രസ്ക്ലബ് നാഷനൽ പ്രസിഡന്റ് ടാജ് മാത്യു, സെക്രട്ടറി വിൻസന്റ് ഇമ്മാനുവൽ, വൈസ് പ്രസിഡന്റ് ജോസ് കാടാപുറം, ന്യൂയോർക്ക് ചാപ്റ്റർ സെക്രട്ടറി സണ്ണി പൗലോസ്, വൈസ് പ്രസിഡന്റ് ജെ. മാത്യുസ്, രാജു പള്ളത്ത്, റെജി ജോർജ്, സുനിൽ ട്രൈസ്റ്റാർ, സജി ഏബ്രഹാം, പ്രിൻസ് മാർക്കോസ്, ഏബ്രഹാം മാത്യു, ജോർജ് ജോസഫ് തുടങ്ങിയവരും റോക്ക്ലൻഡ് ലെജിസ്ലേറ്റർ ഡോ. ആനി പോൾ, ഫൊക്കാന ട്രസ്റ്റി ബോർഡ് ചെയർ പോൾ കറുകപ്പള്ളി, ഫോട്ടോഗ്രഫർ അരുൺ കോവാട്ട്, ബ്രിജിത്ത് ഇമ്മാനുവൽ തുടങ്ങിയവരും പങ്കെടുത്തു.

For Advertisement Tel: 267-991-2111
CONTACT US

## മ്യൂസിക്കൽ, കോ മഡി ഷോ

**ജോർജ് തുമ്പയിൽ**



*ന്യൂജേഴ്സി:* മലയാളി അസോസിയേഷൻ ഓഫ് ന്യൂജേഴ്സി (മഞ്ച്) നേതൃത്വത്തിൽ ന്യൂജേഴ്സി എഡിസണ്‍ ജെപി സ്റ്റീവൻസ് ഹൈസ്കൂളിൽ (855 Grove Ave) ജൂൺ 28നു (ഞായർ) വൈകുന്നേരം 5.30നു മ്യൂസിക്കൽ, കോമഡി ഷോ 'അമേരിക്കൻ ഡേയ്സ്' എത്തുന്നു.

എബിസിഡി, കസിൻസ്, മാസ്റ്റേഴ്സ്, ട്രാഫിക്, താപ്പാന തുടങ്ങിയ സിനിമകളുടെ ചീഫ് അസോസിയേറ്റ് ഡയറക്ടർ ലിനു ആന്റണിയാണു ഷോയുടെ സംവിധാനം. സംഗീതം, കോമഡി, സ്കിറ്റ് തുടങ്ങിയ പ്രോഗ്രാമുകളുമായി രണ്ടരമണിക്കൂർ മുഴുനീള എന്റർടെയ്ൻമെന്റ് പ്രോഗ്രാമായിരിക്കുമിതെന്നു ലിനു ആന്റണി ഉറപ്പു നൽകുന്നു.

തൊണ്ണൂറ്റിയേഴിലേറെ സിനിമകളിൽ പാടിയിട്ടുള്ള പ്രശസ്ത സൗത്ത് ഇന്ത്യൻ പിന്നണി ഗായിക രഞ്ജിനി ജോസ്, കേരള സംഗീത നാടക അക്കാദമി അവാർഡും ജോൺസൺ മെമ്മോറിയൽ അവാർഡും (2012) നേടിയ എടപ്പാൾ വിശ്വം എന്നിവർ സംഗീതവിരുന്നൊരുക്കും.

2009ൽ എംടിയുടെ സ്ക്രിപ്റ്റിൽ ലാൽ ജോസ് സംവിധാനം ചെയ്ത നീലത്താമരയിലെ അഭിനേതാക്കളായ കൈലാഷും അർച്ചന കവിയും അതേ നീലത്താമരയിലെ മനോഹര ദൃശ്യാനുഭവം അമേരിക്കൻ മലയാളികൾക്കായി സ്റ്റേജിൽ പുനരവതരിപ്പിക്കും. മലയാളി മനസുകളിൽ ജനപ്രിയനെന്ന നിലയിൽ ഇടം കണ്ടെത്തിയ പ്രശസ്ത നടൻ സുധീഷ്, 2006ൽ അഭിനയരംഗത്തെത്തി 'വർഷം' എന്ന സിനിമയിലൂടെ പ്രശസ്തയായ സരയു, സീരിയൽ നടി അഞ്ജു അരവിന്ദ്, പ്രശസ്ത സിനിമ, സീരിയൽ നടൻ കിഷോർ തുടങ്ങിയവർ സ്കിറ്റ് അവതരിപ്പിക്കും.

കോമഡി രാജാക്കന്മാരായ കലാഭവൻ ജിന്റോ, ബിനു അടിമാലി, കലാഭവൻ ബിജു, കലാഭവൻ പ്രശാന്ത് തുടങ്ങിയവരടങ്ങിയ കലാഭവൻ ടീം ചിരിയുടെ വിരുന്നൊരുക്കും.

ഷോയുടെ വിജയത്തിനു എല്ലാ മലയാളി സംഘടനകളുടെയും സഹകരണം മഞ്ച് പ്രസിഡന്റ് ഷാജി വർഗീസ് അഭ്യർഥിച്ചു. മഞ്ചിന്റെ വിവിധ ചാരിറ്റി പ്രവർത്തനങ്ങൾക്കും കമ്യൂണിറ്റി പ്രവർത്തനങ്ങൾക്കും ഷോയുടെ ലാഭവീതം ഉപയോഗിക്കും.

നാമം പ്രസിഡന്റ് മാധവൻ നായർ സംഘടനയുടെ എല്ലാ സഹകരണവും പിന്തുണയും പ്രോഗ്രാമിനു വാഗ്ദാനം ചെയ്തു. ഫൊക്കാന ബോർഡ് ഓഫ് ട്രസ്റ്റി ചെയർ പോൾ കറുകപ്പിള്ളിൽ പ്രോഗ്രാമിനു വിജയാശംസകൾ നേർന്നു.

പ്രവാസി ചാനലും മലയാളി എഫ്എമ്മും ടൈംലൈൻ ഫോട്ടോഗ്രഫിയുമാണ് ന്യൂജേഴ്സി മലയാളിസമൂഹം ഏറെ പ്രതീക്ഷയോടെ കാത്തിരിക്കുന്ന പ്രോഗ്രാമിന്റെ മീഡിയ സ്പോൺസേഴ്സ്.

## കേരള നൈറ്റ് സമാപിച്ചു




*ഡാളസ്:* കേരള അസോസിയേഷനും ഇന്ത്യൻ കൾച്ചറൽ സെന്ററും സംയുക്തമായി സംഘടിപ്പിച്ച കേരള നൈറ്റ് കലാ ആസ്വാദകർക്കും കലാകാരന്മാർക്കും ഒരുപോലെ അപൂർവാനുഭൂതി പകരുന്നതായിരുന്നു.

ഡാളസ് ഫോർട്ട് വോർത്ത് മേഖലയിലെ കലാകാരന്മാർക്കും കലാ ആസ്വാദകർക്കും ഒന്നിക്കുവാനും സമ്മേളിക്കുവാനും ഉള്ള ഒരു വേദിയായി മാറി കേരള നൈറ്റ്.

കേരള അസോസിയേഷൻ പ്രസിഡന്റ് ബാബു മാത്യു സ്വാഗതവും കേരള അസോസിയേഷൻ സെക്രട്ടറി റോയ് കൊടുവത്ത് നന്ദിയും പറഞ്ഞു. ഐസിഇസി പ്രസിഡന്റ് ബോബൻ കൊടുവത്ത്, എഡ്യൂക്കേഷൻ ഡയറക്ടർ ബീന ലിയോ എന്നിവർ ചേർന്നു സമ്മാനദാനം നിർവഹിച്ചു. ബാബു കണ്ടോത്ത്, കുമാരി ടിഫ്നി ആന്റണി എന്നിവർ എംസിമാരായിരുന്നു.

## ബ്രാംപ്റ്റൺ മലയാളിസമാജം ആതുര സേവനരംഗത്തേക്ക്




*ഒന്റാരിയോ:* ബ്രാംപ്റ്റൺ മലയാളിസമാജം ആതുര സേവനരംഗത്തേക്ക്.

കേരളത്തിന്റെ സംസ്കാരവും, തനിമയും മുറുകെപ്പിടിച്ചു സാമൂഹിക-സാംസ്കാരിക-ക്ഷേമ പ്രവർത്തന രംഗത്ത് മുന്നിട്ടു നില്ക്കുന്ന കാനഡയിലെ മലയാളികളുടെ പ്രമുഖ കൂട്ടായ്മ ആയ ബ്രാംപ്റ്റൺ മലയാളി സമാജത്തിനു കാനഡ സർക്കാരിന്റെ അധീനതയിലുള്ള കനേഡിയൻ ബ്ലഡ് സർവീസസിന്റെ അംഗീകൃത രക്തദാന ഗ്രൂപ്പ് ആയി രജിസ്ട്രേഷൻ ലഭിച്ചു. മേയ് 22ന് (വെള്ളിയാഴ്ച) ഉത്തരവു ലഭിച്ചു.

ഈ അംഗീകാരം ലഭിച്ച കാനഡയിലെ ആദ്യ മലയാളി സംഘടനയാണു ബ്രാംപ്റ്റൺ മലയാളി സമാജം. രക്തദാനത്തിനു പുറമേ, അവയവദാനം, ടിഷ്യൂ, സ്റ്റെം ദാനം എന്നിങ്ങനെ വിവിധ തരം ജീവദായക പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമാണു സമാജത്തിനു ലഭിച്ചിരിക്കുന്നത്. നിത്യ ജീവിതത്തിൽ ബുദ്ധിമുട്ട് അനുഭവിക്കുന്നവർക്കുവേണ്ടി സമാജത്തിന്റെ കീഴിൽ 'ഹെൽപിംഗ് ഹാൻഡ്' എന്ന വിഭാഗം വളരെക്കാലമായി പ്രവർത്തിച്ചുവരുന്നു. കൂടാതെ വിവിധ പ്രായത്തിലുള്ള മലയാളി സമൂഹത്തിന്റെ ഉന്നമനത്തെ മുൻനിർത്തി കുട്ടികൾക്ക് വേണ്ടിയുള്ള കിഡ്സ് വേദി, യുവാക്കൾക്കുവേണ്ടി യുവജന വേദി എന്നിവ വിവിധ മേഖലകളിൽ പ്രവർത്തനം നടത്തി വരുന്നു. കേരളത്തിന്റെ പാരമ്പര്യം ഒട്ടും ചോർന്നുപോകാത്ത രീതിയിൽ എല്ലാ വർഷവും ബ്രാംപ്റ്റൺ സമാജം നടത്തി വരുന്ന വള്ളംകളി മത്സരം ഇതുപോലെ തന്നെ എടുത്തു പറയേണ്ടുന്ന ഒന്നാണ്. ബിഎംഎസ് ഡോണർ ഗ്രൂപ്പിന്റെ ഔപചാരിക ഉദ്ഘാടനവും പഠന ക്യാമ്പും സെമിനാറും ജൂൺ മാസത്തിൽ നടത്തുമെന്നു ഭാരവാഹികൾ അറിയിച്ചു.

ഡോണർ ഗ്രൂപ്പിനെ കുറിച്ച് കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക: 647 771 9041 / 416 303 2140 /647 985 5351

**ജയ് പിള്ള**

## കാനഡയിലെ മലയാളി നഴ്സുമാരുടെ കൂട്ടായ്മ



**ജയ്ശങ്കർ പിള്ള**

*മിസിസാഗ:* കാനഡയിലെ മലയാളി നഴ്സുമാരുടെ കൂട്ടായ്മയായ സിഎംഎൻഎയുടെ വാർഷിക ഡിന്നറും രജിസ്ട്രേഷൻ നൈറ്റും മിസിസാഗയിലെ മൂൺ ലൈറ്റ് കോൺസെന്റേഷൻ സെന്ററിൽ നടന്നു.

അസോസിയേഷൻ വൈസ് പ്രസിഡന്റ് സെബാസ്റ്റ്യൻ ജോണി സ്വാഗതം ആശംസിച്ചു. പ്രസിഡന്റ് ആനി സ്റ്റീഫൻ അധ്യക്ഷത വഹിച്ചു. മുൻ കനേഡിയൻ പ്രതിരോധമന്ത്രിയും മാക്കം തോൺബിൽ എംപിയുമായ ജോൺ മക്കല്ലം മുഖ്യാതിഥിയായിരുന്നു.

ഒന്റാരിയോയിലെ വിവിധ ഭാഗങ്ങളിൽനിന്നായി മുന്നൂറോളം ആളുകൾ ചടങ്ങിൽ പങ്കെടുത്തു. ദീർഘകാലം ആരോഗ്യമേഖലയിൽ ജോലി ചെയ്ത് വിരമിച്ച മേരിക്കുട്ടി ജോൺ, ഏലിയാമ്മ ജോർജ്, അച്ചാമ്മ കണ്ണമ്പുഴ, സിസിലി ഫിലിപ്പ്, ഏലിയാമ്മ ഓലിപ്പാട്ട്, അന്നമ്മ തൃശൂർ, സാറാക്കുട്ടി മത്തായി എന്നിവർക്ക് മുഖ്യാതിഥി ജോൺ മക്കല്ലം അവാർഡുകൾ നൽകി ആദരിച്ചു.

സിഎംഎൻഎയ്ക്കു ആശംസകൾ നേർന്നു നിരവധി വിശിഷ്ട വ്യക്തികൾ സംസാരിച്ചു. തുടർന്നു വിവിധ കലാപരിപാടികൾ അരങ്ങേറി.

വില്യം ഓസ്റ്റർ ഹെൽത്ത് സിസ്റ്റത്തിന്റെ ഔട്ട് റീച്ച് വിംഗിന്റെ നേതൃത്വത്തിൽ Sucessful Diabetic management എന്ന വിഷയത്തിൽ ജെസി ചാർലീപ് ക്ലാസെടുത്തു. അലൻ കാവി, ലിയ അലക്സ്, അലക്സ് പ്രിൻസ്, നിഥിൻ മാത്യു, സോനു സാം വർഗീസ്, നിഖിൽ കൊടുവത്ത്, സൈനോ സാം വർഗീസ് എന്നിവർക്ക് കുട്ടികൾക്കായി ഫെഡറൽ മിനിസ്റ്റർ ഓഫ് സ്റ്റേറ്റ് സ്പോർട്സ് ബാൽ ഗോസാൽ ഏർപ്പെടുത്തിയ വോളന്റിയർ സർവീസ് അവാർഡുകൾ വർഗീസ് ഓലിപ്പാട്ട്, സെയിൻ ഏബ്രഹാം, ജി. ജോർജ്, ഷിജി ബോബി, സൂസൻ ഡീൻ, ലത മേനോൻ, ജോജോ ഏബ്രഹാം എന്നിവർ വിതരണം ചെയ്തു.

പരിപാടിയുടെ വിജയത്തിനായി പ്രവർത്തിച്ച ഏവർക്കും അസോസിയേഷൻ വൈസ് പ്രസിഡന്റ് നിസി തോമസ് നന്ദി പറഞ്ഞു. സ്നേഹവിരുന്നോടെ പരിപാടികൾ സമാപിച്ചു.

## ഫോമ ബൈലോ പരിഷ്കരണം; പ്രതികരണം ശക്തം

**വിനോദ് കൊണ്ടൂർ ഡേവിഡ്**

*കാലിഫോർണിയ:* ഫോമയുടെ നിലവിലുള്ള നിയമങ്ങൾ കാലോചിതമായി പരിഷ്കരിക്കുവാൻ ആരംഭിച്ച നടപടികളുടെ ആദ്യഘട്ടം പിന്നിടുമ്പോൾ ശക്തമായ പ്രതികരണങ്ങൾ ലഭിച്ചതായി ഫോമയുടെ ബൈലോ കമ്മിറ്റി അറിയിച്ചു.

മേയ് അവസാനത്തോടെ തീരുന്ന അഭിപ്രായ ശേഖരണത്തോടെ ഒന്നാം ഘട്ടം പര്യവസാനിക്കും. ഇതിനു വേണ്ടി, പ്രാരംഭ നടപടികൾ എടുത്തു വിജയിപ്പിച്ച കമ്മിറ്റിയംഗം ജെ. മാത്യുവിനെ ഫോമ ദേശീയ കമ്മിറ്റി പ്രശംസിച്ചു.

അംഗസംഘടനകളിൽ നിന്നു ലഭിച്ച നിർദേശങ്ങൾ ക്രോഡീകരിച്ച് ദേശീയ കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കുക എന്നുള്ളതാണ് അടുത്ത ഘട്ടം. ഇതിനോടകം നിർദിഷ്ട കിറ്റുകൾ ലഭിച്ചിട്ടില്ലാത്ത അംഗസംഘടനകൾ അതതു റീജണിലെ ഫോമ കമ്മിറ്റിയംഗവുമായി ബന്ധപ്പെടുകയോ, ഫോമയുടെ വെബ്സൈറ്റ് www.FOMAA.com സന്ദർശിക്കുകയോ ചെയ്യുക.

പന്തളം ബിജു തോമസ് ചെയർമാനായുള്ള കമ്മിറ്റിയിൽ, ജെ. മാത്യു, രാജു വർഗീസ്, ഡോ. ജയിംസ് കുറിച്ചി എന്നിവരും അംഗങ്ങളാണ്.

വിവരങ്ങൾക്ക്: ആനന്ദൻ നിരവേൽ 954 675 3019, ഷാജി എഡ്വേർഡ് 917 439 0563, ജോയി ആന്റണി 954 328 5009.

# ഡോ. സുന്ദർ പ്രവാസി മലയാളി ഫെഡറേഷൻ ചെയർമാൻ

**പി.പി. ചെറിയാൻ**



*ന്യൂയോർക്ക്:* പ്രവാസി മലയാളികളുടെ ക്ഷേമപ്രവർത്തനങ്ങൾക്കു മുൻതൂക്കം നൽകി ആഗോളതലത്തിൽ പ്രവർത്തനനിരതമായിരിക്കുന്ന പ്രവാസി മലയാളി ഫെഡറേഷന്റെ സമുന്നത രക്ഷാധികാരികളുടെ നിരയിലേക്ക് ഗൾഫ് റീജൺ ആസ്ഥാനമായി പ്രവർത്തിക്കുന്ന മൾട്ടി മില്യൻ വ്യവസായസംരംഭമായ സൺ ഗ്രൂപ്പ് ഇന്റർനാഷണൽ സ്ഥാപകൻ ഡോ. സുന്ദർ മേനോനെ നിയമിച്ചതായി പിഎംഎഫ് ഗ്ലോബൽ കോ-ഓർഡിനേറ്റർ ജോസ് മാത്യു പനച്ചിക്കൽ അറിയിച്ചു.

നിലവിലുള്ള പ്രവാസി സംഘടനകളിൽ, പ്രവാസി മലയാളികളുടെ നീറുന്ന പ്രശ്നങ്ങൾ ഭരണാധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും പരിഹാരം കണ്ടെത്തുന്നതിനും പ്രവാസി മലയാളി ഫെഡറേഷൻ നടത്തുന്ന ആത്മാർഥ പ്രവർത്തനങ്ങളിൽ ആകൃഷ്ടനായതാണ് ഈ ചുമതല സന്തോഷത്തോടെ ഏറ്റെടുക്കാൻ തന്നെ പ്രേരിപ്പിച്ചതെന്നു ഡോ. സുന്ദർ മേനോനുമായി നടത്തിയ സംഭാഷണത്തിൽ അദ്ദേഹം വ്യക്തമാക്കി.

ഓഗസ്റ്റ് ആദ്യവാരം തിരുവനന്തപുരത്തു നടക്കുന്ന പിഎംഎഫിന്റെ രണ്ടാമത് ഗ്ലോബൽ സമ്മേളനം വിജയിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുമെന്നും മേനോൻ പറഞ്ഞു.

തൃശൂർ പൗര പ്രമുഖനും, മുൻ കൊച്ചി ദേവസ്വം ബോർഡ് പ്രസിഡന്റും സൗത്ത് ഇന്ത്യൻ ബാങ്ക് സ്റ്റാഫ് ട്രെയ്നിങ് കോളജ് പ്രിൻസിപ്പലുമായ എംസിഎസ് മേനോന്റെയും ജയ മേനോന്റെയും മകനാണ് ഡോ.സുന്ദർ മേനോൻ. ഭാര്യ ശ്യാമ മേനോൻ. സൺ ഗ്രൂപ്പ് ഡയറക്ടർ സഞ്ജയ് മേനോൻ മകനും, സ്വാതി സുന്ദർ മകളുമാണ്.

തൃശൂരിൽ കോളജ് വിദ്യാഭ്യാസം പൂർത്തീകരിച്ചു. 1985 ലാണു മിഡിൽ ഈസ്റ്റിൽ തൊഴിൽ തേടി മേനോൻ എത്തുന്നത്. സമർപ്പണ മനോഭാവവും, ആത്മാർഥതയും മേനോന്റെ വളർച്ചയിൽ സന്തത സഹചാരി ആയിരുന്നു. ട്രാൻസ്പോർട്ട് കമ്പനിയിൽ ഒരു സാധാരണ ജീവനക്കാരനായി ഔദ്യോഗിക ജീവിതം ആരംഭിച്ച മേനോന്റെ വ്യവസായരംഗത്തേക്കുള്ള കുതിപ്പ് ദ്രുതഗതിയിലായിരുന്നു.

അടുക്കും ചിട്ടയോടുംകൂടിയുള്ള പ്രവാസിമലയാളി ഫെഡറേഷന്റെ പ്രവർത്തനങ്ങളിൽ അകൃഷ്ടരായി ആഗോള തലത്തിൽ പ്രവാസികളായി കഴിയുന്ന നിരവധി പേരാണ് അംഗത്വത്തിനായി സംഘടനയെ അനുദിനം സമീപിക്കുന്നത്. പ്രവാസി മലയാളി ഫെഡറേഷന്റെ ശബ്ദം ഉന്നത തലത്തിൽ എത്തിക്കുന്നതിന് ഡോ. സുന്ദറിനെപ്പോലെയുള്ള സമുന്നത രക്ഷാധികാരികളുടെ സേവനം സ്തുത്യർഹമായിരിക്കുമെന്നു പിഎംഎഫ് സ്ഥാപകനും, പ്രമുഖ സംഘാടകനുമായ മാത്യു മൂലേച്ചേരിൽ (ന്യൂയോർക്ക്) അഭിപ്രായപ്പെട്ടു.

ഡോ. സുന്ദറിനെപ്പോലെയുള്ള വ്യക്തികൾ സംഘടനയിലേക്കു വരുന്നത് എന്തുകൊണ്ടും സംഘടനയുടെ ഭാവി വളർച്ചയ്ക്ക് ഉതകുമെന്നു ഗ്ലോബൽ കോ-ഓർഡിനേറ്റർ ജോസ് മാത്യു പനച്ചിക്കൽ പറഞ്ഞു.

ദേശീയ അന്തർദേശീയ തലത്തിൽ നിരവധി അവാർഡുകളും ബഹുമതികളും കരസ്ഥമാക്കിയിട്ടുള്ള ഡോ. സുന്ദർ മേനോന്റെ നേതൃത്വം പ്രവാസി മലയാളി ഫെഡറേഷന്റെ പ്രവർത്തനങ്ങൾക്ക് ഊർജവും ആവേശവും പകരുമെന്നു പിഎംഎഫ് ഗ്ലോബൽ ചെയർമാൻ ഡോ. ജോസ് കാനാട്ട് (ന്യൂയോർക്ക്), മുഖ്യ രക്ഷാധികാരി സ്വാമി ഗുരുരത്നം ജ്ഞാന തപസ്വി എന്നിവർ അഭിപ്രായപ്പെട്ടു.

# പോർട്ട്ചെസ്റ്ററിൽ പേരന്റ്സ് ആൻഡ് കപ്പിൾസ് കോൺഫറൻസ് സമാപിച്ചു







**ജോർജ് തുമ്പയിൽ**

*പോർട്ട്ചെസ്റ്റർ:* മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന മർത്തമറിയം സമാജത്തിന്റെ ആഭിമുഖ്യത്തിൽ മേയ് 16നു പോർട്ട്ചെസ്റ്റർ സെന്റ് ജോർജ് ദേവാലയത്തിൽ പേരന്റ്സ് ആൻഡ് കപ്പിൾസ് കോൺഫറൻസ് വിജയകരമായി നടന്നു.

നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന മെത്രാപ്പോലീത്ത സഖറിയാ മാർ നിക്കോളോവോസിന്റെ നേതൃത്വത്തിലും ഭദ്രാസന സെക്രട്ടറി ഫാ. എം.കെ. കുറിയാക്കോസിന്റെ സഹകരണത്തിലും നടത്തപ്പെട്ട പ്രാർഥനയോടെ പരിപാടികൾക്കു തുടക്കമായി. വെസ്റ്റ് ചെസ്റ്റർ പള്ളി വികാരി റവ. ഡോ. ജോർജ് കോശി സ്വാഗതം പറഞ്ഞു. പൗരോഹിത്യശുശ്രൂഷയുടെ രജതജൂബിലി ആഘോഷിക്കുന്ന മാർ നിക്കോളോവോസിന് അദ്ദേഹം ഭാവുകങ്ങൾ നേർന്നു.

ദൈവത്തെ മുൻനിർത്തിയ കുടുംബം ഉദാത്തമായ ക്രിസ്തീയ മാതൃക എന്ന ബൈബിൾ വചനഭാഗം (യോശുവ 24:15) ആധാരമാക്കി സന്ദേശം നൽകി മാർ നിക്കോളോവോസ് മെത്രാപ്പോലീത്ത കോൺഫറൻസ് ഉദ്ഘാടനം ചെയ്തു. കോൺഫറൻസ് മുഖ്യപ്രഭാഷകൻ ഫാ. ഏബ്രഹാം ജോർജ്, ഗ്രൂപ്പ് ചർച്ചകളുടെ നേതൃത്വം വഹിക്കാനെത്തിയ റവ. ഡോ. ചാഡ് ഹാർട്ട്ഫീൽഡ്, അദ്ദേഹത്തിന്റെ പത്നി മറ്റുഷ്ക തെക്കല, ഫാ. സുജിത് തോമസ്, ഡോ. ജസ്റ്റിൻ സഖറിയ എന്നിവരെ മർത്തമറിയം വൈസ് പ്രസിഡന്റ് ഫാ. ടി.എ. തോമസ് പരിചയപ്പെടുത്തി.

റവ. കെ. മത്തായി കോർ എപ്പിസ്കോപ്പാ, റവ. ആദായി പൗലോസ് കോർ എപ്പിസ്കോപ്പ, റവ. ഡോ. യോഹന്നാൻ ശങ്കരത്തിൽ കോർഎപ്പിസ്കോപ്പ, റവ. ഡോ ജോർജ് കോശി, ഫാ.ജോർജ് മാത്യു, ഫാ. മാത്യു തോമസ്, ഫാ. അലക്സ് കെ ജോയ്, റവ.ഡോ. രാജു വർഗീസ്, ഫാ.ഷിബു ഡാനിയേൽ, ഫാ.വി.എം.ഷിബു, ഫാ. ജോൺ ശങ്കരത്തിൽ, ഫാ. ബോബി പീറ്റർ, ഫാ. പൗലൂസ് ടി. പീറ്റർ, റവ. ഡീക്കൻ ഗീവർഗീസ് കോശി എന്നിവർ സന്നിഹിതരായിരുന്നു.

കോൺഫറൻസിന് ആതിഥേയത്വം വഹിച്ച സെന്റ് ജോർജ് ഇടവകയിലെ റവ. ഡോ. ജോർജ് കോശിയുടെയും ഇടവകാംഗങ്ങളുടെയും മർത്തമറിയം സമാജത്തിലെ അംഗങ്ങളുടെയും സഹകരണത്തിനു കോൺഫറൻസ് കോ-ഓർഡിനേറ്റർ ഷൈനി രാജു നന്ദി അറിയിച്ചു.

സത്യസന്ധവും സുതാര്യവുമായ ദൈവഭയം കുടുംബ ജീവിതത്തിന്റെ അടിസ്ഥാന ശില എന്ന വിഷയത്തെകുറിച്ച് ഫാ.ഏബ്രഹാം ജോർജ്(എബിയച്ചൻ) മുഖ്യപ്രഭാഷണം നടത്തി. ആരാധനയും സ്തുതിയും ഓർത്തഡോക്സ് പശ്ചാത്തലത്തിൽ എന്ന വിഷയത്തെ അടിസ്ഥാനമാക്കി ഫാ.സുജിത് തോമസ് നടത്തിയ സെഷൻ ശ്രദ്ധേയമായി. ഹാർവാർഡ് മെഡിക്കൽ സ്കൂളിലെ കുട്ടികളുടെ ആശുപത്രിയിൽ ഹൃദ്രോഗവിദഗ്ധനായി സേവനമനുഷ്ഠിക്കുന്ന ഡോ. ജസ്റ്റിൻ സഖറിയ ശിശുക്കളുടെ ആരോഗ്യരംഗത്തെ പ്രശ്നങ്ങളെയും പരിഹാരങ്ങളെയും കുറിച്ച് സ്ഥിതിവിവരക്കണക്കുകൾ ഉദ്ധരിച്ച് നടത്തിയ വർക് ഷോപ്പ് വിജ്ഞാനപ്രദമായി. മിഷനറി ദമ്പതികളായ റവ.ഡോ.ചാഡ് ഹാർട്ട്ഫീൽഡും മറ്റുസ്ക തെക്ല ഹാർട്ട്ഫീൽഡും സഭയും പ്രേഷിതശുശ്രൂഷയും എന്ന വിഷയത്തെ പ്രവർത്തനാനുഭവങ്ങളുടെ വെളിച്ചത്തിൽ ആഴത്തിൽ അപഗ്രഥിച്ചു സംസാരിച്ചു. സെന്റ് ജൂലിയാന സൊസൈറ്റിയുടെ സ്ഥാപകയും സെന്റ് വ്ളാഡിമിർ സെമിനാരി പ്രവർത്തകയുമായ മറ്റുസ്ക ഹാർട്ട്ഫീൽഡും റവ. ഡോ. ചാഡ് ഹാർട്ട്ഫീൽഡും ആഫ്രിക്ക മുതൽ അലാസ്ക വരെ പ്രേഷിതശുശ്രൂഷ ചെയ്യുന്നു. കോൺഫറൻസിനോടനുബന്ധിച്ച്,പൗരോഹിത്യ ശുശ്രൂഷയുടെ രജതജൂബിലി ആഘോഷിക്കുന്ന മാർ നിക്കോളോവോസിന് ആയുരാരോഗ്യങ്ങളും മംഗളങ്ങളും നേർന്നു സംഘടിപ്പിച്ച ചടങ്ങിൽ മെത്രാപ്പോലീത്ത കേക്ക് മുറിച്ചു. സെന്റ് ജോർജ് ഇടവകാംഗം അലക്സാണ്ടർ വർഗീസ് തിരുമേനിക്കുവേണ്ടി തയാറാക്കിയതായിരുന്നു കേക്ക്.

നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസനകൗൺസിൽ അംഗങ്ങളായ അജിത് വട്ടശേരിൽ, ഷാജി കെ. വർഗീസ്, മലങ്കരസഭാ മാനേജിംഗ് കമ്മിറ്റിയംഗം പോൾ കറുകപ്പിള്ളി, സമാജം ഭാരവാഹികൾ തുടങ്ങിയവരും ചടങ്ങിൽ പങ്കെടുത്തു. മർത്തമറിയം സമാജം നോർത്ത് ഈസ്റ്റ് ഭദ്രാസന വൈസ്പ്രസിഡന്റ് ഫാ. ടി.എ. തോമസ് യോഗനടപടികൾ നിയന്ത്രിച്ചു. സെക്രട്ടറി സാറാ വർഗീസ് നന്ദി അറിയിച്ചു. മാർ നിക്കോളോവോസിന്റെ പ്രാർഥനയോടും ആശീർവാദത്തോടും കോൺഫറൻസ് സമാപിച്ചു.

# ഓഗസ്റ്റ് മാസം ന്യൂയോർക്ക് സംസ്ഥാനം ഇന്ത്യൻ–അമേരിക്കൻ ഹെറിറ്റേജ് മാസമായി പ്രഖ്യാപിക്കാനുള്ള പ്രമേയം പാസാക്കി

*ന്യൂയോർക്ക്:* റോക്ക്‌ലൻഡ് കൗണ്ടി ലെജിസ്ലേറ്റർ ഡോ. ആനി പോളിന്റെ പ്രയത്നഫലമായി ന്യൂയോർക്ക് സംസ്ഥാനത്ത് ഓഗസ്റ്റ് മാസം ഇന്ത്യൻ-അമേരിക്കൻ ഹെറിറ്റേജ് മാസമായി പ്രഖ്യാപിക്കാനുള്ള പ്രമേയം മേയ് 28 (വ്യാഴാഴ്ച) ന്യൂയോർക്ക് സെനറ്റും അസംബ്ലിയും ഐകകണ്ഠ്യേന പാസാക്കി.

ആൽബനിയിൽ ക്യാപിറ്റോളിലെ സെനറ്റ് ഹാളിലും അസംബ്ലി ഹാളിലും നടന്ന ചടങ്ങ് വീക്ഷിക്കാൻ ആനി പോൾ അടക്കം നിരവധി ഇന്ത്യക്കാരും സന്നിഹിതരായിരുന്നു. അസംബ്ലിമാൻ കെൻ സെബ്രോവ്സ്കിയാണ് അസംബ്ലിയിൽ പ്രമേയം അവതരിപ്പിച്ചത്. സെനറ്റർ ഡേവിഡ് കാർലൂച്ചി (റോക്ക്‌ലാന്റ് വെസ്റ്റ്ചെസ്റ്റർ)യാണു സെനറ്റിൽ പ്രമേയം അവതരിപ്പിച്ചത്.

ഇന്ത്യയെക്കുറിച്ചും ഇന്ത്യൻ പൈതൃകത്തെക്കുറിച്ചും അമേരിക്കയിൽ കുടിയേറിയിട്ടുള്ള ഇന്ത്യൻ വംശജർ ഈ രാജ്യത്തിനുവേണ്ടി ചെയ്യുന്ന നിരവധി സൽക്കർമങ്ങളെക്കുറിച്ചും ഇരുസഭകളിലും അസംബ്ലിമാനും സെനറ്ററും ഒരു ലഘുവിവരണം നൽകിയതു ഹർഷാരവത്തോടെയാണ് എല്ലാവരും സ്വീകരിച്ചത്.

അമേരിക്കയിൽ ഉന്നതവിദ്യാഭ്യാസത്തിലും ഉന്നത പദവികളിലും ഇന്ത്യക്കാർ നേട്ടങ്ങൾ കൊയ്യുമ്പോൾ നാം അവരെ അംഗീകരിക്കണം. ഈ രാജ്യത്തിനുവേണ്ടി, പ്രത്യേകിച്ച് ന്യൂയോർക്ക് സംസ്ഥാനത്തിനുവേണ്ടി, അവർ ചെയ്യുന്ന നന്മകളെ നാം കണ്ടില്ലെന്നു നടിക്കരുത്. റോക്ക്‌ലാൻഡിൽ ഏറ്റവും ഉന്നത നിലയിൽ ജീവിക്കുന്നവർ ഇന്ത്യൻഅമേരിക്കക്കാരാണ്. ഉന്നത വിദ്യാഭ്യാസത്തിൽ ശരാശരി അമേരിക്കക്കാർ 28 ശതമാനം മാത്രമുള്ളപ്പോൾ ഇന്ത്യൻ അമേരിക്കക്കാർ 70 ശതമനത്തിലേറെ നേട്ടം കൊയ്യുന്നു-സെനറ്റർ ഡേവിഡ് കാർലൂച്ചി തന്റെ സബ്മിഷനിൽ ചൂണ്ടിക്കാട്ടി.

ഇന്ത്യ സ്വതന്ത്രയായിട്ട് 68 വർഷം കഴിഞ്ഞിരിക്കുന്നു. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാഷ്ട്രമായ ഇന്ത്യയിൽനിന്ന് അമേരിക്കയിലെമ്പാടും പ്രത്യേകിച്ച്, റോക്ക്‌ലാൻഡ് കൗണ്ടിയിൽ, ജീവിക്കുന്ന ഇന്ത്യൻ വംശജരെ നാം അംഗീകരിക്കണം, ആദരിക്കണം. അതുകൊണ്ടുതന്നെ ഇന്ത്യ സ്വതന്ത്രയായ ഓഗസ്റ്റ് മാസം തന്നെ ഇന്ത്യൻഅമേരിക്കൻ ഹെരിറ്റേജ് മാസമായി പ്രഖ്യാപിക്കണമെന്ന് അദ്ദേഹം പറഞ്ഞത് കൈയടിയോടെ സ്വീകരിക്കുകയും സെനറ്റ് പാസ്സാക്കുകയും ചെയ്തു. ഇതേ രീതിയിൽ തന്നെയായിരുന്നു അസംബ്ലിമാൻ കെൻ സെബ്രോവ്സ്കിയും അസംബ്ലിയിൽ പറഞ്ഞത്. അവിടെയും പ്രമേയം പാസാക്കി. ഇത്തവണ ഇന്ത്യയുടെ സ്വാതന്ത്ര്യദിനം റോക്ക്‌ലാൻഡിൽ ആഘോഷിക്കുമ്പോൾ ആ പരിപാടിയിൽ ഞങ്ങളും ഭാഗഭാക്കായിരിക്കും എന്ന് ഇരുവരും പറഞ്ഞു.

# ജീവപര്യന്തം തടവിനു ശിക്ഷിച്ചു

**പി.പി. ചെറിയാൻ**



*ന്യൂയോർക്ക്:* ജോർജ് വാഷിംഗ്ടൺ യൂണിവേഴ്സിറ്റി ബയോ മെഡിക്കൽ എൻജിയറിംഗ് വിദ്യാർഥിയായിരുന്ന രാഹുൽ ഗുപ്ത(25)യെ, സഹവിദ്യാർഥിയും സുഹൃത്തും അതേ യൂണിവേഴ്സിറ്റി നിയമവിദ്യാർഥിയുമായ മാർക്ക് റവായെ(23) കുത്തിക്കൊലപ്പെടുത്തിയ കേസിൽ മോണ്ട് ഗോമറി കൗണ്ടി കോടതി ജീവപര്യന്തം തടവിനു ശിക്ഷിച്ചു. ബുധനാഴ്ചയായിരുന്നു വിധി പ്രഖ്യാപനം.

രാഹുൽ ഗുപ്തയുടെ കൂട്ടുകാരി ടെയ്ലർ, മാർക്ക് റവായുമായി ബന്ധം സ്ഥാപിച്ചു തന്നെ വഞ്ചിക്കുകയായിരുന്നുവെന്ന തെറ്റിദ്ധാരണയായിരുന്നു സഹപാഠിയുടെ വധത്തിനു കാരണം.

2013 ഒക്ടോബർ 13ന് മാഡിസണിലുള്ള സിൽവർ സ്പിറിംഗ് അപ്പാർട്ട്മെന്റിൽ രാഹുൽ ഗുപ്തയുടെ ജന്മദിനം ആഘോഷിക്കുവാനാണു കൂട്ടുകാരി ടെയ്ലറും മാർക്ക് വോയും ഒത്തുചേർന്നത്. രണ്ടു പേരും നല്ലതുപോലെ മദ്യപിച്ചു. അബോധാവസ്ഥയിലായ സമയത്ത് രാഹുൽ ഗുപ്ത മാർക്കിന്റെ ശരീരത്തിൽ 11 തവണ കുത്തിയും കഴുത്തറുത്തും കൊലപ്പെടുത്തുകയായിരുന്നു.

പൊലിസിന്റെ പിടിയിലായ രാഹുൽ കുറ്റസമ്മതം നടത്തിയെങ്കിലും കേസിന്റെ വിചാരണയിൽ കൂട്ടുകാരി മദ്യപിച്ചു മാർക്കിനെ കൊലപ്പെടുത്തിയതാണെന്നു വാദിച്ചുവെങ്കിലും കോടതി അംഗീകരിച്ചില്ല. തെളിവുകൾ എല്ലാം രാഹുലിനു എതിരായിരുന്നു. വിധി പ്രഖ്യാപിച്ച ഉടൻ രാഹുലിനെ ജയിലിലേക്കു മാറ്റി.

# സ്ക്രിപ്സ് നാഷണൽ സ്പെല്ലിംഗ് ബീ മത്സരത്തിൽ ഇന്ത്യൻ വംശജർ കിരീടം പങ്കുവച്ചു




*വാഷിംഗ്ടൺ:* സ്ക്രിപ്സ് നാഷണൽ സ്പെല്ലിംഗ് ബീ മത്സരത്തിൽ കാൻസാസിൽ നിന്നുള്ള വന്യ ശിവശങ്കർ (13), മിസൂറിയിലെ ചെസ്റ്റർ ഫീൽഡിൽ നിന്നുള്ള ഗോകുൽ വെങ്കടാചലം(14) എന്നീ ഇന്ത്യൻ വംശജർ കിരീടം പങ്കുവച്ചു. പോയിന്റ് നിലയിൽ തുല്യത പാലിച്ചതിനെത്തുടർന്ന് ഇരുവരെയും ജേതാക്കളായി പ്രഖ്യാപിക്കുകയായിരുന്നു.

തുടർച്ചയായി രണ്ടാം വർഷമാണ് അമേരിക്കയിലെ ഇന്ത്യൻ വംശജരായ കുട്ടികൾ ചാമ്പ്യൻഷിപ്പ് പങ്കിടുന്നത്. വിജയികൾക്ക് കാഷ് പ്രൈസായി 37000 ഡോളർ വീതവും സ്വർണക്കിരീടവും ലഭിക്കും. ഓക്കലഹോമയിൽ നിന്നുള്ള ഇന്ത്യൻ വംശജയായ കോൾ ഷഫർ റേ എന്ന കുട്ടിക്കാണു മൂന്നാം സ്ഥാനം.

കഴിഞ്ഞ 18 സ്പെല്ലിംഗ് ബീ മത്സരങ്ങളിൽ 14 എണ്ണത്തിലും ഇന്ത്യൻ വംശജരാണു വിജയിച്ചത്. ഇത്തവണ കിരീടം പങ്കിട്ട വാന്യയുടെ സഹോദരി കാവ്യ 2009 ൽ കിരീടം സ്വന്തമാക്കിയിരുന്നു.

അഞ്ചാം തവണയാണ് വന്യ മത്സരിക്കുന്നത്. തന്റെ കിരീടം അമ്മൂമ്മയ്ക്കു സമർപ്പിക്കുകയാണെന്ന് വന്യ പറഞ്ഞു. കഠിനാധ്വാനവും തീഷ്ണതയുമാണു വിജയത്തിനാവശ്യമെന്നും അവൾ ചൂണ്ടിക്കാട്ടി.

കഴിഞ്ഞ വർഷത്തെ മൂന്നാം സ്ഥാനക്കാരനായിരുന്നു ഗോകുൽ വെങ്കടാചലം. 88-ാം സ്പെല്ലിംഗ് ബീ മത്സരത്തിൽ പങ്കെടുത്ത 285 പേരിൽ പകുതിയിലധികവും ഇന്ത്യൻ വംശജരായിരുന്നു. 1925ലാണ് അമേരിക്കയിൽ സ്പെല്ലിംഗ് ബീ മത്സരം ആരംഭിച്ചത്.

# അബ്ദുൾ പുന്നയൂർക്കുളത്തിനു സഹപ്രവർത്തകർ ഊഷ്മളമായ യാത്രയയപ്പ് നൽകി



**മൊയ്തീൻ പുത്തൻചിറ**

*ഡിട്രോയിറ്റ്:* കഴിഞ്ഞ രണ്ടു പതിറ്റാണ്ടായി ഔദ്യോഗിക ജീവിതം നയിച്ചു വന്നിരുന്ന ഡിട്രോയ്റ്റ് ഈസ്റ്റ് ഹെൽത്ത് സർവീസസിൽ നിന്നു വിരമിക്കുന്ന അബ്ദുൾ പുന്നയൂർക്കുളത്തിനു സഹ പ്രവർത്തകർ ഊഷ്മളമായ യാത്രയയപ്പുനൽകി.

മേയ് 27നു ഡിട്രോയിറ്റ് ഹെൽത്ത് സർവീസസിലെ ബോർഡ് റൂമിൽ സഹപ്രവർത്തകർ സംഘടിപ്പിച്ച യാത്രയയപ്പുചടങ്ങിൽ നിരവധി പേർ പങ്കെടുത്തു. പ്രസിഡന്റും സിഇഒയുമായ ഡോ. ഫാറോ അബ്ദുളിന്റെ മികച്ച സേവനത്തെക്കുറിച്ചും, അർപ്പണമനോഭാവത്തെക്കുറിച്ചും സംസാരിച്ചു.

ക്ലിനിക്കൽ ഡയറക്ടർ വിർജിൽ വില്യംസ് കൃത്യനിർവഹണത്തെക്കുറിച്ചും ജോലിയിലുള്ള ശുഷ്ക്കാന്തിയെക്കുറിച്ചും ആത്മാർഥതയെക്കുറിച്ചും സംസാരിച്ചു.

ഡിടോയിറ്റ് ഹെൽത്ത് ഈസ്റ്റ് ഹെൽത്ത് സർവീസസിലെ തന്റെ ഔദ്യോഗിക ജീവിതം തന്റെ ജീവിതത്തിലെ തന്നെ ഒരു നാഴികക്കല്ലാണെന്നും, തനിക്കു നൽകിയ പിന്തുണകൾക്കും സഹകരണത്തിനും എല്ലാവർക്കും നന്ദി പറയുന്നതിനോടൊപ്പം ഈ സ്ഥാപനത്തിലെ തന്റെ ഔദ്യോഗികജീവിതം എന്നെന്നും കൃതജ്ഞതയോടെ ഓർക്കുമെന്നും അബ്ദുൾ നന്ദി പ്രകടനത്തിൽ വ്യക്തമാക്കി.

# നഴ്സസ് ദിനാഘോഷവും ബോധവത്കരണ ക്ലാസും




*നോർത്ത് കരോലിന:* ഇന്ത്യൻ അമേരിക്കൻ നഴ്സസ് അസോസിയേഷൻ, നോർത്ത് കരോലിനയിൽ നഴ്സസ് ദിനാഘോഷവും അതിനോടനുബന്ധിച്ചു വിവിധതരം പാഠ്യപദ്ധതികളെക്കുറിച്ചുള്ള ബോധവത്കരണ ക്ലാസും മറ്റ് വിവിധ പരിപാടികളും നടത്തി.

ഏപ്രിൽ 25-നു വൈകുന്നേരം 3.30 മുതൽ 7 മണി വരെ അപ്പെക്സിലുള്ള ലൂർദ്മാതാ കത്തോലിക്കാ പള്ളിയുടെ പാരീഷ് ഹാളിൽവച്ചായിരുന്നു പരിപാടികൾ അരങ്ങേറിയത്. മഴമൂലമുള്ള തടസങ്ങൾ വകവയ്ക്കാതെ 34 നഴ്സുമാർ പരിപാടിക്ക് എത്തിച്ചേർന്നു. പലരും ഒരു മണിക്കൂറിലിധികം യാത്ര ചെയ്താണ് എത്തിച്ചേർന്നത് എന്നതു പ്രത്യേകം പ്രശംസയർഹിക്കുന്നു.

പ്രസിഡന്റ് ലതാ ജോസഫിന്റെ അധ്യക്ഷതയിൽ 3.30 നു യോഗം ആരംഭിച്ചു. 'നഴ്സിംഗ് ഇന്നലെ ഇന്ന് നാളെ' എന്ന വിഷയത്തെ ആസ്പദമാക്കി നാൻസി ഡയാസ് നടത്തിയ പഠന റിപ്പോർട്ടും അവതരണവും ഏറെ ശ്രദ്ധ പിടിച്ചുപറ്റി. നാൻസി, ഡ്യൂക്ക് സ്കൂൾ ഓഫ് നഴ്സിംഗിലെ പിഎച്ച്ഡി വിദ്യാർഥികൂടിയാണ്. മറ്റൊരു ശ്രദ്ധേയമായ പ്രസന്റേഷൻ ഡോ. ജെന്നി ഡി. ഗാഗ്നെയുടെ ക്ലാസ് ആയിരുന്നു. 'ദി വോയ്സ് ഓഫ് ഏഷ്യൻ ഇന്ത്യൻ ഇമിഗ്രന്റ്സ് എസ്പീരിയൻസിംഗ് ഹെൽത്ത് ഡിസ്പാരിറ്റീസ്: വാട്ട് ഈസ് നെക്സ്റ്റ്?' എന്നതായിരുന്നു വിഷയം. സമകാലിന പ്രശ്നങ്ങളോടു ചേർന്നു നിൽക്കുന്ന വിഷയമായിരുന്നതിനാൽ എല്ലാവർക്കും വളരെയധികം പ്രചോദനപ്രദമായ ഒരു സെഷനായിരുന്നു ഇത്.

അയാന-എൻ.സി (IANA NC)യുടെ ലോഗോ പ്രകാശനമായിരുന്നു ഈ പരിപാടിയുടെ മറ്റൊരിനം. ഷീലാ സാജനായിരുന്നു ലോഗോ ഡിസൈനിംഗിന്റെ മത്സര വിജയി. റോസിലി സാബു, ബീനാ ജേക്കബ്, കൃഷ്ണമ്മാ വേണുഗോപാൽ എന്നിവരും ലോഗോ ഡിസൈനിംഗ് മത്സരത്തിൽ പങ്കെടുത്തു. അവരെയും തദവസരത്തിൽ പ്രശംസിക്കുകയുണ്ടായി. 'ഫസ്റ്റ് ഇൻ നഴ്സിംഗ്, ബെസ്റ്റ് ഇൻ ലീഡിംഗ്' എന്നാണു സ്ലോഗൻ ആയി തീരുമാനിക്കപ്പെട്ടത്. 'ടുഗെദർ വി. അച്ചീവ്' എന്ന ബാനറിലെ വാക്യവും ഏറെ ശ്രദ്ധേയമായിരുന്നു.

റിട്ടയർ ചെയ്ത നോർത്ത് കരോലിനയിലുള്ള നഴ്സുമാരെ ആദരിച്ച ചടങ്ങ് ഏറെ ശ്രദ്ധിക്കപ്പെട്ടു. ചിന്നമ്മ സൈമൺ, ലിസി ജോൺ, മാർഗരറ്റ് ആൻഡ്രൂസ്, മനോരമ ലൂർദ് സ്വാമി എന്നിവർക്കു ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് നൽകി ആദരിച്ചു.

നോർത്ത് കരോലിനയിലുള്ള ഇന്ത്യൻ നഴ്സുമാരുടെ തൊഴിൽമേഖലയിലും വിദ്യാഭ്യാസമേഖലയിലുമുള്ള നേട്ടങ്ങളെക്കുറിച്ചു പ്രസിഡന്റ് സംസാരിച്ചു. ജോമോ ബിന്ദു, സാമുവൽ മുരാരി എന്നിവരെ നഴ്സിംഗ് ജോലിയിലേക്കു സ്വാഗതം ചെയ്തു. ഇവർ പുതുതായി ആർ.എൻ. ലൈസൻസ് കരസ്ഥമാക്കിയവരാണ്. കൃഷ്ണമ്മാ വേണുഗോപാൽ പിള്ളയുടേയും, സുജയാ ദേവാസുരത്തിന്റെയും അനുഭവസാക്ഷ്യം പുതിയ തലമുറയിലെ നഴ്സുമാർക്ക് ഏറെ പ്രചോദനമായി.

എല്ലാ അംഗങ്ങളും പങ്കെടുത്ത സുംബാ ഡാൻസ് വ്യായാമവും വിനോദവും എങ്ങനെ സമന്വയിപ്പിക്കാം എന്നു മനസിലാക്കാൻ പറ്റുന്നതായിരുന്നു. സിതാർ ഇന്ത്യൻ കുസീൻ സ്പോൺസർ ചെയ്ത ലഘുഭക്ഷണവും ഉണ്ടായിരുന്നു.

ഐഎഎൻ എ-എൻസി ലീഡർഷിപ്പ് ചെയർ ജാൻസി സെബാസ്റ്റ്യൻ അറിയിച്ചതാണിത്.



# നിര്യാതരായി

## സക്കറിയ ടി. ദാനിയേൽ



*ഫിലാഡൽഫിയ:* കുണ്ടറ പള്ളിയാംതടത്തിൽ സക്കറിയ ടി. ദാനിയേൽ (കുട്ടപ്പൻ -70) മേയ് 29നു നിര്യാതനായി.

ചക്കുവരിക്കൽ കവലയിൽ കുടുബാംഗമായ അന്നമ്മയാണു ഭാര്യ.

പൊതുദർശനം ജൂൺ അഞ്ച് വെള്ളിയാഴ്ച വൈകുന്നേരം ആറു മുതൽ 8.30 വരെ philadelphia India christian assembly, 455 Tomilson Rd,Philadelphia PA 19116ൽ നടത്തപ്പെടുന്നതാണ്. സംസ്കാര ശുശ്രൂഷ ജൂൺ ആറാം തീയതി ശനിയാഴ്ച അതേ ചർച്ചിൽവച്ചു രാവിലെ ഒമ്പതു മുതൽ 10.30 വരെയും തുടർന്നു സംസ്കാരം 101 Byberry Rd, Philadelphia, PA യിലുള്ള ഫോറസ്റ്റ് ഹിൽ സെമിത്തേരിയിൽ നടത്തപ്പെടുന്നതാണ്. ദാനിയേൽ പി. തോമസ് അറിയിച്ചതാണിത്.

## മറിയാമ്മ



*ഫിലാഡൽഫിയ:* പാസ്റ്റർ വർഗീസ് മാത്യുവിന്റെ ഭാര്യ മറിയാമ്മ വർഗീസ് (72) നിര്യാതയായി. പൊതുദർശനം മേയ് 27നു (ബുധനാഴ്ച) വൈകുന്നേരം 6.30 മുതൽ 8.30 വരെ (Harvest International Church,808 Red Lion Rd,Philadelphia, PA 19115) നടത്തി. സംസ്കാര ശുശ്രൂഷ മേയ് 30നു (ശനിയാഴ്ച) കേരളത്തിൽ (Athikayam I .P.C Gospel Center Ranni) നടത്തി.

ദാനിയേൽ പി. തോമസ് അറിയിച്ചതാണിത്.

## അജിത് പവനൻ



*ന്യൂജേഴ്സി:* കൊല്ലം പാവുമ്പ അജിത്ത് ഭവനത്തിൽ പരേതനായ ദിവാകരൻ പിള്ളയുടെയും ഇന്ദിരാമ്മയുടെയും മകനും കോഗ്നൈസന്റ് ടെക്നോളജി സൊലൂഷൻസിൽ ഐടി പ്രഫഷണലുമായ അജിത് പവൻ (അജിത്ത് കുമാർ ദിവാകരൻ പിള്ള- 32) നിര്യാതനായി.

സംസ്കാരം പിന്നീട് നാട്ടിൽ.

ഭാര്യ: ശരണ്യ പന്തളം ഉളവക്കാട് സ്വദേശി. മകൾ: ആദിശ്രീ. സഹോദരൻ: രജിത്ത് കുമാർ.

കാടപ്പുറം അറിയിച്ചതാണ്.

## പാ.വി.എം.മാത്യു



*ചെങ്ങന്നൂർ:* ആലാ ബഥേലിൽ പാസ്റ്റർ വി.എം. മാത്യു (മണി-70) നിര്യാതനായി. തലവടി വാലേൽ കാഞ്ഞിരപ്പള്ളിൽ കുടുംബാംഗമാണ്. ഭാര്യ പെരിശേരി കൊച്ചുകളരിക്കൽ മോളി. സംസ്കാരം പിന്നീട്. മകൾ : സിനി ഡാനിയേൽ. (യുഎസ്എ) മരുമകൻ: സാബു ഡാനിയേൽ (യുഎസ്എ). കൂടുതൽ വിവരങ്ങൾക്ക്: ജോസി : 972 213 5111

പി.പി. ചെറിയാൻ അറിയിച്ചതാണ്.

## ഡേവിഡ് താണിക്കൽ

*തൃശൂർ:* ടെലഗ്രാഫ് സായാഹ്നപത്രത്തിന്റെ ന്യൂസ് എഡിറ്ററും ദീപികയുടെ മുൻ തൃശൂർ റിപ്പോർട്ടറുമായിരുന്ന ഡേവിസ് താണിക്കൽ (63) നിര്യാതനായി.

ചേറൂർ വിജയപുരം സെന്റ് സേവ്യേഴ്സ് പള്ളിയിൽ സംസ്കാരം നടന്നു. വടൂക്കര താണിക്കൽ പൗലോസിന്റേയും മറിയത്തിന്റേയും മകനായ ഡേവിസ് ചേറൂർ കിണർ സ്റ്റോപ്പിനു സമീപത്തായിരുന്നു താമസം. ഭാര്യ നിർമല. മക്കൾ: നിഖിൽ ഡേവിസ് (റിപ്പോർട്ടർ, മനോരമ ന്യൂസ്, കോഴിക്കോട്), മിഥുൻ ഡേവിസ് (ബിസിനസ്), വീണ.

1968ൽ എലൈറ്റ് സായാഹ്ന പത്രത്തിലൂടെ പത്രപ്രവർത്തനം തുടങ്ങിയ ഡേവിസ് താണിക്കൽ ദീർഘകാലം ദീപികയിലും എക്സ്പ്രസിലും പ്രവർത്തിച്ചു. നിയമസഭാ വാർത്തകൾ എക്സ്പ്രസിനു വേണ്ടി റിപ്പോർട്ടു ചെയ്തിട്ടുണ്ട്. ശ്രുതിവാണി മാസികയുടെ പത്രാധിപസമിതിയംഗമായിരുന്നു.

# ഫിലാഡൽഫിയയിൽ കുടുംബനവീകരണ കൺവൻഷൻ ജൂലൈ 17മുതൽ



*ഫിലാഡൽഫിയ:* കഴിഞ്ഞ 15 വർഷമായി അമേരിക്കൻ മലയാളികളുടെ ആത്മീയ ജീവിതത്തിനു പുത്തൻ ഉണർവും ആത്മാഭിഷേകവും പകർന്നുകൊണ്ടിരിക്കുന്ന ക്യൂൻമേരി മിനിസ്ട്രിയുടെ നേതൃത്വത്തിൽ ജൂലൈ 17, 18, 19 (വെള്ളി, ശനി, ഞായർ) തീയതികളിൽ ഫിലാഡൽഫിയയിലുള്ള സീറോ മലബാർ ഫൊറോന പള്ളിയിൽ കുടുംബ നവീകരണ കൺവൻഷൻ (മരിയൻ ഫെസ്റ്റിവൽ) നടത്തുന്നു. കൺവൻഷന്റെ ഒരുക്കങ്ങളെല്ലാം പൂർത്തിയായി വരുന്നതായി ഇടവക വികാരി ഫാ. ജോണിക്കുട്ടി പുലിശേരി അറിയിച്ചു.

മൂന്നുദിവസത്തെ കൺവൻഷൻ ശുശ്രൂഷകൾക്കു നേതൃത്വം നൽകുന്നത് ഷിക്കാഗോ സീറോ മലബാർ രൂപത സഹായ മെത്രാൻ മാർ ജോയി ആലപ്പാട്ട്, അത്ഭുതകരമായ അഭിഷേകത്താൽ നിറയപ്പെട്ട (രണ്ടായിരത്തിലധികം ക്രിസ്തീയ ഗാനങ്ങൾക്ക് ഈണവും രൂപവും കൊടുത്ത) ഫാ. ഷാജി തുമ്പേചിറയിൽ, ദൈവം ഏറെ വരദാനങ്ങളാൽ അത്ഭുതകരമായി അനുഗ്രഹിച്ച ബ്രദർ സന്തോഷ് കരിമത്തറ, ബ്രദർ പി.ഡി.ഡൊമിനിക് (ചെയർമാൻ മരിയൻ ടിവി), ഗാനശുശ്രൂഷകൾക്ക് അഭിഷേകത്താൽ നിറയപ്പെട്ട ബ്രദർ മാർട്ടിൻ മഞ്ഞപ്പാറ, യുവജനങ്ങൾക്കുവേണ്ടി ഇംഗ്ലീഷിൽ ധ്യാനം നയിക്കുന്ന ബ്രദർ മാത്യു ജോസഫ് എന്നിവർ ഉൾപ്പെടുന്ന ടീമാണ് നേതൃത്വം നൽകുന്നത്.

17-നു (വെള്ളി) രാവിലെ 8.30 മുതൽ വൈകിട്ട് ഏഴുവരേയും 18-നു (ശനി) രാവിലെ 8.30 മുതൽ രാത്രി എട്ടുവരേയും, 19-നു (ഞായർ) രാവിലെ ഒമ്പതു മുതൽ വൈകുന്നേരം ആറു വരേയുമാണ് ശുശ്രൂഷകൾ. രജിസ്ട്രേഷൻ ഫീസ് ഇല്ലാതെ തികച്ചും സൗജന്യമായി നടത്തപ്പെടുന്ന ഈ മൂന്നുദിവസത്തെ കൺവൻഷനിൽ പങ്കെടുത്ത് അനുഗ്രഹം പ്രാപിക്കുവാൻ (സഭാ വ്യത്യാസമെന്യേ) ഏവരെയും സംഘാടകർ സ്വാഗതം ചെയ്തു. പെൻസിൽവേനിയ, ന്യൂജേഴ്സി, ഡെലവെയർ, മേരിലാന്റ്, വാഷിംഗ്ടൺ എന്നിവിടങ്ങളിലെ വിശ്വാസികൾക്കായിട്ടാണ് ഈ ആത്മീയ വിരുന്ന് ക്രമീകരിച്ചിരിക്കുന്നത്.

ഷിക്കാഗോ സീറോ മലബാർ രൂപത 2014 ഡിസംബർ 25 മുതൽ 2015 ഡിസംബർ 25 വരെ കുടുംബവർഷമായി ആചരിക്കുകയും ആഗോള കത്തോലിക്കാ സഭയുടെ തലവൻ ഫ്രാൻസിസ് മാർപാപ്പ പങ്കെടുക്കുന്ന കുടുംബ സമ്മേളനം സെപ്റ്റംബർ 22 മുതൽ 27 വരെ ഫിലാഡൽഫിയയിൽ നടക്കുകയും ചെയ്യുന്ന പശ്ചാത്തലത്തിൽ ഈ ആത്മാഭിഷേക കുടുംബ വിശുദ്ധീകരണ കൺവൻഷനു പ്രത്യേക പ്രാധാന്യമുണ്ട്.

കൺവൻഷൻ ദിവസങ്ങളിൽ രോഗശാന്തി പ്രാർഥന, ആത്മാഭിഷേക പ്രാർഥന, ആന്തരീക സൗഖ്യ പ്രാർഥന, കുടുംബ വിശുദ്ധീകരണ പ്രാർഥന, ഡലിവറൻസ് പ്രാർഥനാശുശ്രൂഷ, കൗൺസിലിംഗ്, കുമ്പസാരം, ആരാധന, വിശുദ്ധ കുർബാന തുടങ്ങിയ ശുശ്രൂഷകൾ കൺവൻഷൻ ദിവസങ്ങളിൽ ക്രമീകരിച്ചിട്ടുണ്ട്.

വിവരങ്ങൾക്ക്: ഫാ. ജോണിക്കുട്ടി പുലിശേരി (വികാരി) 916 803 5307, സണ്ണി പടയാട്ടിൽ (ട്രസ്റ്റി) 215 913 8605, ഷാജി മിറ്റത്താനി (ട്രസ്റ്റി) 215 715 3074. ബ്രദർ പി.ഡി. ഡൊമിനിക് (215 971 3319).

# 'ശാലോം ഫെസ്റ്റിവൽ 2015' നു ഹൂസ്റ്റണിൽ

**മാർട്ടിൻ വിലങ്ങോലിൽ**



*ഹൂസ്റ്റൺ:* അമേരിക്കയിൽ അഞ്ചു സ്ഥലങ്ങളിൽ ആറു വേദികളിലായി നടക്കുന്ന 'ശാലോം ഫെസ്റ്റിവൽ 2015' നു ഹൂസ്റ്റണിൽ ഉജ്വല തുടക്കം.

മൂന്നു ദിവസങ്ങളിലായി നടക്കുന്ന ഫെസ്റ്റിവലിനു മേയ് 29നു (വെള്ളി) വൈകുന്നേരം ഹൂസ്റ്റൺ സെന്റ് മേരീസ് ക്നാനായ കാത്തലിക് ദേവാലയത്തിലാണ് തുടക്കം കുറിച്ചത്. അനേക വിശ്വാസികൾ പങ്കെടുത്ത ഫെസ്റ്റ് ആത്മീയ നിറവിന്റെ വേദിയായി. ഞായറാഴ്ച സമാപിക്കും.

അമേരിക്കൻ മലയാളികളുടെ ആത്മീയജീവിതത്തിനു പുത്തനുണർവും അഭിഷേകവുമാണ് ശാലോം ഫെസ്റ്റിവൽ വർഷങ്ങളായി പകർന്നു നൽകുന്നത്.

ജൂൺ അഞ്ചു മുതൽ ഏഴു വരെ ന്യൂജേഴ്സി (സെന്റ് ജോർജ് സീറോ മലബാർ കാത്തലിക് ദേവാലയം), ജൂൺ 12 മുതൽ 14 വരെ സാൻ ഫ്രാൻസിസ്കോ (സെന്റ് മേരീസ് ക്നാനായ ദേവാലയം), ജൂൺ 19 മുതൽ 21 വരെ ഓർലാൻഡോ (റിസറക്ഷൻ കാത്തലിക് ദേവാലയം), ജൂൺ 26 മുതൽ 28 വരെ ഡാളസ് (ക്രൈസ്റ്റ് ദി കിംഗ് ക്നാനായ കാത്തലിക് ദേവാലയം), ജൂലൈ മൂന്നു മുതൽ അഞ്ചു വരെ ഹൂസ്റ്റൺ (സെന്റ് ജോസഫ് സീറോ മലബാർ കാത്തലിക് ദേവാലയം) എന്നീ ആറു വേദികളിലായാണ് ഈ വർഷത്തെ ശാലോം ഫെസ്റ്റിവലുകൾ ക്രമീകരിച്ചിരിക്കുന്നത്.

ഫെസ്റ്റിവലിന്റെ ആപ്തവാക്യമായി തെരഞ്ഞെടുത്തിരിക്കുന്നത് 'ഇതാ, ഞാൻ ഒരു പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കുന്നു' (ഏശയ്യ 65:17) എന്ന ദൈവവചനമാണ്.

യൂറോപ്പിലും അമേരിക്കയിലും മറ്റു രാജ്യങ്ങളിലുമായി ശക്തമായ ദൈവവചനശുശ്രൂഷകൾ നയിക്കുന്ന ശാലോമിന്റെ സ്പിരിച്വൽ ഡയറക്ടർ ഫാ. റോയി പാലാട്ടി, അമേരിക്കയിലും മറ്റു രാജ്യങ്ങളിലും അത്ഭുതകരമായ അഭിഷേകത്താൽ ശുശ്രൂഷകൾക്ക് നേതൃത്വം കൊടുക്കുന്ന ഡോ. ജോൺ ഡി, ദൈവം വരദാനങ്ങളാൽ അത്ഭുതകരമായി അനുഗ്രഹിച്ചിരിക്കുന്ന ബ്രദർ റെജി കൊട്ടാരം എന്നിവരാണ് ശുശ്രൂഷകൾക്ക് നേതൃത്വം നൽകുന്നത്. ശാലോം ടീമംഗം സിബി തോമസാണ് മ്യൂസിക് മിനിസ്ട്രി നയിക്കുക. വിശദവിവരങ്ങൾക്ക് www.shalomworld.org/festivals/



2015 മെയ് 14

# ഇന്ത്യൻ ഭരണഘടനയുടെ ആമുഖം

നിത്യചൈതന്യയതി സ്മാരകപ്രഭാഷണം

ബഹു. കേരള ഹൈക്കോർട്ട് ജഡ്ജ് ജസ്റ്റീസ് **ബാബു മാത്യു പി. ജോസഫ്**






**ഇന്ന്** മഹാനായ ഗുരു നിത്യചൈതന്യയതിയുടെ പതിനാറാം ദേഹവിയോഗദിനമാണ്. അദ്ദേഹത്തെക്കുറിച്ച് വലിയ പഠനമൊന്നും ഞാൻ നടത്തിയിട്ടില്ല. കേരളം ആദിശങ്കരന് ജന്മം നൽകിയ നാടാണ്. കാലടിയിൽ ജനിച്ചുവെന്നാണ് നാം വിശ്വസിക്കുന്നത്. ഭാരതത്തിന്റെ പൈതൃകമായി ലഭിച്ച അദ്വൈത വേദാന്തത്തെ ലോകത്തൊട്ടാകെ അംഗീകരിപ്പിക്കുന്നവിധത്തിൽ പ്രചരിപ്പിച്ചവരിൽ പ്രമുഖനായിരുന്നു ശ്രീശങ്കരാചാര്യർ. ശങ്കരാചാര്യർക്കുശേഷം ഒരുപാട് പ്രമുഖരായിട്ടുള്ള സന്യാസിവര്യന്മാർ ആ ചുമതല നിർവ്വഹിച്ചു പോന്നിട്ടുണ്ട്. സ്വാമി വിവേകാനന്ദനുണ്ട്, ശ്രീരാമകൃഷ്ണ പരമഹംസരുണ്ട്, ശ്രീനാരായണഗുരുവുണ്ട്, ഡോ.നടരാജ ഗുരുവുണ്ട്. ആ ഗണത്തിൽ ശ്രീനാരായണഗുരുവിനുശേഷം വന്ന, അദ്ദേഹത്തിന്റെ ആദർശങ്ങൾ ഉയർത്തിപ്പിടിച്ച് പ്രചരിപ്പിക്കുന്നതിൽ മുന്നിൽ നിന്ന മൂന്നാമത്തെ ഗുരുവര്യനായ ഗുരു നിത്യചൈതന്യയതി, അദ്ദേഹം അദ്വൈതവേദാന്തത്തിന്റെ പ്രമുഖ വക്താക്കളിലൊരാളായിരുന്നു.

ഭാരതീയ തത്ത്വശാസ്ത്രത്തെ അഗാധമായി അറിയാൻ ശ്രമിച്ച മഹത്‌വ്യക്തിയായിരുന്നു ഗുരു നിത്യചൈതന്യയതി. പണ്ഡിതനായിരുന്നു, ആദ്ധ്യാത്മികാചാര്യനായിരുന്നു, ചിന്തകനായിരുന്നു, വിവിധ വൈജ്ഞാനിക മേഖലകളിൽ ഇഷ്ടംപോലെ വ്യാപരിക്കുകയും പത്തെൺപതു ഇംഗ്ലീഷ് ഗ്രന്ഥങ്ങളും, നൂറ്റിയിരുപതോളം മലയാളഗ്രന്ഥങ്ങളും ഈ സമൂഹത്തിന് സമ്മാനിക്കുകയും ചെയ്ത മഹാനായിരുന്നു. അദ്ദേഹം കൈവയ്ക്കാത്ത മേഖലകൾ കുറവാണ്. മനഃശാസ്ത്രം, സംഗീതം, സാഹിത്യം, കവിത തുടങ്ങി നാനാമേഖലകളിൽ അഗാധമായ പാണ്ഡിത്യവും തന്റെ പ്രവർത്തന മേഖലകളുടെ ഭാഗമായി അവയെ പലപ്പോഴായി സ്വീകരിക്കുകയും ചെയ്ത വലിയ മനുഷ്യനായിരുന്നു. വാസ്തവത്തിൽ ശ്രീനാരായണഗുരുവിന്റെ ദർശനങ്ങളെ, ശ്രീനാരായണ ഗുരുകുലത്തിന്റെ നേതാവ് എന്ന നിലയിൽ ലോകത്തിന്റെ നാനാദിക്കുകളിൽ എത്തിച്ച മഹാപ്രതിഭയാണ്. കേരളം ഒരുപക്ഷെ ഗുരു നിത്യചൈതന്യയതിക്ക് അദ്ദേഹം അർഹിക്കുന്ന അംഗീകാരം നൽകുന്നുണ്ടോ, അല്ലെങ്കിൽ നാം അദ്ദേഹത്തെ അറിയുന്നുണ്ടോ എന്നു ചോദിച്ചാൽ അതിനുള്ള ഉത്തരം തുലോം ഖേദകരമാണ് എന്നുമാത്രമെ പറയാൻ കഴിയൂ.

പലതും നാം നേടുമ്പോഴും, നാം കൈവരിച്ച പല മുത്തുകളും നമ്മിൽ നിന്നും നഷ്ടപ്പെട്ടുപോകുന്നതുകൊണ്ടാണ് അങ്ങനെയുള്ള അവസ്ഥ സംജാതമാകുന്നത്. ഏതായാലും ആ മഹാനുഭാവന്റെ സ്മരണക്കു മുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു. ഞാൻ എന്റെ ചുമതലയിലേക്കു കടക്കുന്നു.

ഇന്ത്യൻ ഭരണഘടന ഉണ്ടായതിന് ഒരു ചരിത്രമുണ്ട്. രണ്ടു നൂറ്റാണ്ടുകാലം നാം ബ്രിട്ടീഷുകാരുടെ അധീനതയിലായിരുന്നു. ആ ഭരണം ഇന്ത്യയ്ക്കു പലതും നഷ്ടമാക്കുന്നു, ലഭിക്കേണ്ടതു പലതും ഇല്ലാതാക്കുന്നു, തടയപ്പെടുന്നു. ഇതു കണ്ടിട്ട് ഭാരതം എന്റെ രാജ്യമാണ് എന്ന് അഭിമാനം കൊള്ളുന്ന ദേശീയവാദികളായ മഹത്തുക്കൾ തങ്ങളുടെ സർവസ്വവും രാജ്യത്തിനുവേണ്ടി സമർപ്പിച്ചു. ഈ രാജ്യത്തുനിന്ന് ബ്രിട്ടീഷ് ആധിപത്യം ഇല്ലാതാക്കണം എന്നാഗ്രഹിച്ചു. പല ശ്രമങ്ങളും നടന്നു. 1857ലെ സമരം പരാചയപ്പെട്ടു. നാം മഹാത്മാഗാന്ധി ഇന്ത്യയുടെ രാഷ്ട്രപിതാവ് എന്ന് അംഗീകരിച്ച് ആദരിക്കുന്നു. തീർച്ചയായും ശരിയായ തീരുമാനവും ശരിയായ വണക്കവുമാണ് നാം അദ്ദേഹത്തിനു നൽകുന്നത്. എന്നാൽ അഗാധമായി ഒന്നുപരിശോധിച്ചാൽ ആധുനിക ഇന്ത്യയുടെ പിതാവ് എന്നു പറയാവുന്ന ഒരൊറ്റ വ്യക്തി ഏതെന്നു ചോദിച്ചാൽ അതിനുള്ള ഉത്തരം ബാലഗംഗാധര തിലകൻ എന്നാണ്.

'സ്വാതന്ത്ര്യം എന്റെ ജന്മാവകാശമാണ്, അതു ഞാൻ നേടുകതന്നെ ചെയ്യും' എന്നു പ്രഖ്യാപിക്കുകയും അല്പസ്വല്പം വിപ്ലവാത്മകമായ പ്രവർത്തനങ്ങളിലൂടെ ഇന്ത്യൻ നാഷണൽ കോൺഗ്രസിനെയും രാജ്യത്തിന്റെ സ്വാതന്ത്ര്യ സമരത്തെയും മുന്നോട്ടു കൊണ്ടുപോയ മഹാനായ വ്യക്തിയായിരുന്നു അദ്ദേഹം. അക്കാലത്ത് മഹാത്മാഗാന്ധി ദക്ഷിണാഫ്രിക്കയിൽ തന്റെ അംഹിസാ സിദ്ധാന്തവും പ്രത്യേകമായ നിരാഹാരത്തിൽ ഊന്നിയുള്ള സമരമാർഗ്ഗവും ആവിഷ്കരിച്ച് വിജയിച്ച് ലോകത്തിന്റെ മുന്നിൽ ഒരു മഹാവിപ്ലവകാരിയായി അംഗീകരിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്ന കാലത്തായിരുന്നു ഗാന്ധിജി ഇവിടേക്ക് വന്നത്. ദക്ഷിണാഫ്രിക്കയിൽ വരുത്തിയ വിപ്ലവകരമായ സഹനസമരത്തിലൂടെയും, അഹിംസയിലൂടെയും സത്യത്തിലൂടെയും സത്യഗ്രഹത്തിലൂടെയും കൈവരിച്ച നേട്ടം ഇന്ത്യയുടെ കൂടി നേട്ടമാകണം എന്നാഗ്രഹിച്ചതിന്റെ ഫലമായിട്ടാണ് ഗാന്ധിജിയെ ഇങ്ങോട്ടു ക്ഷണിച്ചത്. ഗാന്ധിജി ആ വിളികേട്ട് ബോംബെയിൽ വന്നു കപ്പലിറങ്ങി. കോൺഗ്രസിന്റെ നേതൃത്വം ഉടൻ ഏറ്റെടുക്കണമെന്ന് ഗാന്ധിജിയോട് ആവശ്യപ്പെട്ടു. പക്ഷെ, അദ്ദേഹം അതിനു കൂട്ടാക്കിയില്ല. സ്വാതന്ത്ര്യസമരപ്രസ്ഥാനത്തിൽ ഇറങ്ങുന്നതിനുമുമ്പ് ഇന്ത്യയെ അറിയണം എന്ന് ഗാന്ധിജി തീരുമാനിച്ചു.

നാം ഇന്നു കരുതുന്നതല്ല ഇന്ത്യ. ഇന്ത്യ എന്നു പറയുന്നത് നാനാത്വത്തിൽ ഏകത്വം എന്നൊക്കെ ശ്ലോകത്തിൽ കഴിക്കുന്നതുപോലെ, പാഠങ്ങളിലും പ്രസ്താവനകളിലും പ്രസംഗങ്ങളിലുമൊക്കെ പറയുന്നതുപോലെയല്ല. ലോകത്ത് എന്തെല്ലാം അനാചാരങ്ങളുണ്ടോ, എന്തെല്ലാം വ്യത്യാസങ്ങളുണ്ടോ, അവയെല്ലാം കുടികൊളുന്ന ഒരു രാജ്യമാണ് ഇന്ത്യ. ഇന്ത്യയിൽ നാനാഭാഷ സംസാരിക്കുന്നവരുണ്ട്. ലിപികളുള്ള ഭാഷയുണ്ട്. ലിപിയില്ലാത്ത ഭാഷയുണ്ട്. ഉയരം കൂടിയ മനുഷ്യരുണ്ട്, ഉയരം കുറഞ്ഞ മനുഷ്യരുണ്ട്. മാംസാഹാരം കഴിക്കുന്നവരുണ്ട്, പച്ചക്കറി മാത്രം കഴിക്കുന്നവരുണ്ട്. രണ്ടും കഴിക്കുന്നവരുമുണ്ട്. മലമ്പ്രദേശങ്ങളിൽ അധിവസിക്കുന്നവരുണ്ട്, തീരപ്രദേശങ്ങളിൽ ജീവിക്കുന്നവരുണ്ട്, ഇടനാട്ടിൽ ജീവിക്കുന്നവരുണ്ട്, തണുത്തുറഞ്ഞ പ്രദേശങ്ങളിലും കൊടുംചൂടിലും ജീവിക്കുന്നവരുണ്ട്, നാനാമതങ്ങളിൽ വിശ്വസിക്കുന്നവരുണ്ട്, നൂറുകണക്കിന് ആചാരങ്ങൾ പരിപാലിച്ചുപോരുന്നവരുണ്ട്, വിശ്വാസക്രമത്തിൽ എന്തെല്ലാം വ്യത്യാസങ്ങൾ ഈ ജനതതിയുടെ ഇടയിലുണ്ട്!

ഓരോ വിഭാഗത്തിന് ഓരോ വിശ്വാസം. നാനാ ജാതി മതസ്ഥർ, തീണ്ടലും തൊടീലും, അനാചാരങ്ങളുടെ കലവറ- ഇങ്ങനെ വിസ്തരിക്കാൻ പോയാൽ എന്തെല്ലാം വൈജാത്യങ്ങൾ ലോകത്തിൽ ദർശിക്കാൻ കഴിയുമോ അതുമുഴുവൻ ദർശിക്കാൻ കഴിയുന്ന രാജ്യമാണ് ഇന്ത്യ. ഇവിടെ ക്രിസ്ത്യാനിയുണ്ട്. ഇസ്ലാമുണ്ട്, ഹൈന്ദവരുണ്ട്, ഹൈന്ദവരിൽതന്നെ നാനാവിഭാഗങ്ങളുണ്ട്. ഇസ്ലാമിൽ വ്യത്യസ്തവിഭാഗങ്ങളുണ്ട്. ക്രൈസ്തവരിൽ വ്യത്യസ്ത വിഭാഗങ്ങളുണ്ട്. സിക്കുകാരുണ്ട്. ജൈനന്മാരുണ്ട്. ബുദ്ധമതക്കാരുണ്ട്. പാഴ്സികളുണ്ട്. മതവിശ്വാസമില്ലാത്തവരുണ്ട്. ഈശ്വരനിൽ വിശ്വാസമുള്ളവരുണ്ട്. ഈശ്വരനിൽ വിശ്വാസം ഇല്ലാത്തവരുണ്ട്. അങ്ങനെ എന്തെല്ലാം വ്യത്യാസങ്ങൾ. ഈ ജനങ്ങളെ സംഘടിപ്പിച്ചുവേണം ഭാരതത്തെ സ്വതന്ത്രയാക്കാൻ. അതുകൊണ്ട് മഹാത്മജി ഇന്ത്യയെ കാണാൻ ഇറങ്ങിത്തിരിച്ചു.

അദ്ദേഹം ഭാരതത്തിന്റെ തലങ്ങും വിലങ്ങും സഞ്ചരിച്ചു. വടക്കും തെക്കും, പടിഞ്ഞാറും കിഴക്കും വിപുലമായ സ്ഥലങ്ങളിൽ അദ്ദേഹം സഞ്ചരിക്കുകയുണ്ടായി. അങ്ങനെയാണ് അദ്ദേഹം ഇന്ത്യയെ അറിഞ്ഞത്, മനസ്സിലാക്കിയത്. അപ്പോഴാണ് അദ്ദേഹത്തിനു തോന്നിയത് ദക്ഷിണാഫ്രിക്കയിലെ തന്റെ വസ്ത്രധാരണം ഇന്ത്യയിൽ ആവശ്യമില്ലായെന്ന്. ഇന്ത്യ എന്നു പറയുന്ന ദേശത്തെ ജനകോടികളുടെ പ്രതിനിധിയാവണമെങ്കിൽ ഒരു സാധാരണ കൃഷീവലന്റെ ജീവിതമാണ് ഉണ്ടാവേണ്ടത് എന്നു മനസ്സിലാക്കി. അതുവരെയുണ്ടായിരുന്ന വിലപ്പെട്ട കോട്ടും സൂട്ടുമൊക്കെ അദ്ദേഹം വലിച്ചെറിഞ്ഞ്, അർദ്ധനഗ്നനായ ഫക്കീറായി മാറി. ആ ഫക്കീറിന്റെ നേതൃത്വത്തിൽ ഒരുപാടുകാലത്തെ സ്ഥിരോത്സാഹത്തോടെയുള്ള, ആയിരങ്ങൾ ജീവൻ കൊടുത്ത, പതിനായിരങ്ങൾ തങ്ങളുടെ സ്വത്തും സർവ്വസ്വവും നഷ്ടപ്പെടുത്തിയ, ജീവച്ഛവങ്ങളായി ആയിരങ്ങൾ മാറിയ, വെടിയുണ്ടയ്ക്കു നേരെ നിറമാറ് കാണിച്ചുകൊടുത്ത, ത്യാഗോജ്ജ്വലമായ സമരത്തിലൂടെയാണ് 1947 ആഗസ്റ്റ് 14ന് ഇന്ത്യ സ്വതന്ത്രയായി

# ഇന്ത്യൻ ഭരണഘടനയുടെ ആമുഖം





സോവറിൻ എന്നതുകൊണ്ട് അർത്ഥമാക്കുന്നത് 'പരമാധികാരം' എന്നാണ്. അത് ഇന്ത്യയ്ക്കാണ്. അതുവരെ ആ അധികാരം ബ്രിട്ടനായിരുന്നു. ഈ രാജ്യം രാജ്യമായി മാറിയശേഷം, സ്വാതന്ത്ര്യം നേടിയശേഷം, ഈ ലോകത്തിലെ മറ്റൊരു ശക്തിക്കും, മറ്റൊരു രാജ്യത്തിനും ഇന്ത്യയുടെ മേലെ ഒരു തരത്തിലുമുള്ള അധികാരവുമില്ല. വേറെ ആരുടേയും നിയന്ത്രണത്തിനു വിധേയമല്ല എന്നതാണ്. പരമാധികാരം തുളുമ്പുന്ന രാജ്യമാണ് ഇന്ത്യ.

ത്തീർന്നത്. ചരിത്രമൊക്കെ നിങ്ങൾക്കറിയാം.

ഞാൻ പഞ്ചാബിലെ അമൃതസറിലെ ജാലിയൻ വാലാബാഗിൽ പോയിട്ടുണ്ട്. വിസ്തൃതമല്ലാത്ത ഗെയ്റ്റിലൂടെ കടന്ന് വിസ്തൃതമായ ആ സ്ഥലം കണ്ടു. അവിടെ വലിയ സ്മാരകങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. അവിടെ വലിയ ഒരു കിണറുണ്ട്. കരിനിയമത്തിനെതിരായി ആയിരങ്ങൾ സമ്മേളിച്ചുകൊണ്ടിരിക്കുമ്പോൾ യാതൊരു മുന്നറിയിപ്പുമില്ലാതെ നൂറുകണക്കിന് പട്ടാളക്കാർ ഇരച്ചുകത്തുകയറിയിട്ട് വെടിവയ്ക്കുകയുണ്ടായി. നൂറുകണക്കിനാളുകൾ തത്ക്ഷണം പിടഞ്ഞു മരിച്ചു. രക്ഷപ്പെടാൻ നിവൃത്തിയില്ല. വെടിയുണ്ട ഏൽക്കുന്നതിനു പകരം, നൂറുകണക്കിനാളുകൾ കിണറ്റിൽ ചാടി. ആ കിണർ ഞാൻ കണ്ടു. അതിന്റെ തൊട്ടു തെക്കുഭാഗത്ത് ഇഷ്ടികക്കെട്ടുകളിൽ ഇഷ്ടംപോലെ വെടിയുണ്ടകളേറ്റ പാടുകളുണ്ട്. ഇപ്പോഴുമത് സുരക്ഷിതമായി അങ്ങനെ നിലനിർത്തിയിട്ടുണ്ട്. സ്വാതന്ത്ര്യത്തിനുവേണ്ടി കൊടുത്ത വിലയാണത്. ചരിത്രം പരിശോധിച്ചാൽ കേരളവും ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ വലിയ പങ്കുവഹിച്ചിട്ടുണ്ട്. തിരുവിതാംകൂറിലും, കൊച്ചിയിലും, മലബാർപ്രദേശത്തും ഒരുപാട് ത്യാഗീവര്യന്മാരായ സ്വാതന്ത്ര്യസമരസേനാനികളുണ്ടായിരുന്നു.

ബ്രിട്ടീഷുകാരെ ഇന്ത്യയിൽനിന്ന് അധികാരം ഒഴിപ്പിച്ച് ബ്രിട്ടനിലേക്ക് അയച്ച് ഇന്ത്യക്കാരുടെ ഭരണം വരാൻവേണ്ടി മാത്രമായിരുന്നില്ല ഈ സ്വാതന്ത്ര്യസമരം നടത്തിയത്. രാജ്യത്തെ ജനങ്ങൾക്ക് ഇല്ലാതെപോയ, ബ്രിട്ടീഷ് ഭരണം കൊണ്ട് ഉണ്ടാവാതെ പോയ കാര്യങ്ങൾ ഉണ്ടാകേണ്ടതിനുവേണ്ടിയാണ്. ആഹാരം വേണം, ആരോഗ്യം വേണം, വസ്ത്രം വേണം, കിടക്കുവാൻ ഇടംവേണം, കൃഷി ചെയ്യാൻ ഭൂമി വേണം, വിദ്യാഭ്യാസം വേണം, മരുന്നുവേണം- നാനാവിധത്തിലുള്ള പുരോഗതി ഈ രാജ്യത്തെ ജനങ്ങൾക്ക് ഉണ്ടാകണം. അതിനുവേണ്ടിയാണ് സ്വാതന്ത്ര്യസമരം നടന്നത്. സ്വാതന്ത്ര്യസമരത്തിന്റെ അന്ത്യഘട്ടത്തിൽ ക്ലെമന്റ് ആന്റ്‌ലി ലേബർ പാർട്ടിയുടെ നേതാവായി ബ്രിട്ടനിൽ ഭരിക്കുമ്പോൾ, അദ്ദേഹം പാർലമെന്റിൽ പ്രഖ്യാപിച്ചു ഇന്ത്യയുടെ ഭാഗധേയം അവർ തന്നെ നിശ്ചയിക്കട്ടേയെന്ന്. സ്വപ്നത്തിൽ കണ്ടു തീരുമാനിച്ചതല്ല, സ്വാതന്ത്ര്യസമരത്തിന്റെ വിജയമായിരുന്നു അത്. ബ്രിട്ടീഷ് കാബിനറ്റ് മിഷൻ ഇന്ത്യയിലെത്തുന്നു. ഇന്ത്യൻ ദേശീയ നേതാക്കളുമായി ചർച്ച ചെയ്യുന്നു. ആ പദ്ധതിപ്രകാരം ഒരു ഭരണഘടന നിർമ്മാണസഭ ഉണ്ടാക്കുന്നു. ഭരണഘടന നിർമ്മാണസഭ ഉണ്ടാക്കുമ്പോൾ അന്ന് പാക്കിസ്ഥാനും ഇന്ത്യയും വിഭജിക്കപ്പെടുന്ന അവസ്ഥയിലായിരുന്നില്ല.

1946 ഡിസംബർ 6ന് ഭരണഘടന നിർമ്മാണ സഭ പാർലമെന്റിന്റെ സെൻട്രൽഹാളിൽ ആദ്യത്തെ യോഗം ചേരുന്നു. അതുകഴിഞ്ഞ് അടുത്തവർഷം ജൂൺമാസം ഇന്ത്യയും പാകിസ്ഥാനുമായി വേർപിരിയേണ്ട സ്ഥിതി വരുന്നു. മൗണ്ട് ബാറ്റന്റെ പദ്ധതിപ്രകാരം ഇന്ത്യയും പാകിസ്ഥാനുമായി വേർപിരിയാൻ തീരുമാനിച്ചതിന്റെ ഫലമായി പാകിസ്ഥാന് ഒരു ഭരണഘടന, ഇന്ത്യക്ക് ഒരു ഭരണഘടന എന്ന തീരുമാനമുണ്ടാകുന്നു. ഇന്ത്യൻ ഭരണഘടന നിർമ്മാണ സഭയിൽ അംഗമായിരുന്ന ജിന്ന അടക്കമുള്ള ആളുകൾ ആദ്യമുണ്ടായ ഭരണഘടനാ സഭയിൽനിന്ന് ഒഴിവായി. ആദ്യം 389 പേർ ഭരണഘടന നിർമ്മാണസഭയിൽ ഉണ്ടായിരുന്നുവെങ്കിൽ അത് ഇന്ത്യയ്ക്കു മാത്രമുള്ളതായി, പാകിസ്ഥാന് അനുകൂലമായിട്ടുള്ളവർ മാറിക്കഴിഞ്ഞപ്പോൾ പിന്നീടത് 299 പേരുള്ള ഭരണഘടനാനിർമ്മാണസഭയായി അതു മാറി. ആ സഭ 11 സെഷൻസ് യോഗം ചേർന്നു. മൂന്നുകൊല്ലക്കാലമായിരുന്നു അതിന്റെ പ്രവർത്തനം. കൃത്യമായി പറഞ്ഞാൽ 2 വർഷവും 11 മാസവും 17 ദിവസവും ഇന്ത്യയുടെ ഭരണഘടനാ നിർമ്മാണസഭ പ്രവർത്തിച്ചു.

ആഴമേറിയ പഠനവിഷയമാണത്. തിരുവിതാംകൂറിൽനിന്നും കൊച്ചിയിൽനിന്നും മലബാറിൽ നിന്നും അതിൽ അംഗങ്ങളുണ്ടായിരുന്നു. എം.എൽ.സിയായിരുന്ന ശ്രീമതി ദാക്ഷായണി വേലായുധൻ അതിലെ അംഗമായിരുന്നു. ഒരുപക്ഷെ ഇന്ത്യയിൽ തന്നെ ആദ്യമായി പട്ടികജാതിയിൽ നിന്നും ബി.എ പരീക്ഷ പാസായത് അവരാണെന്നാണ് എന്റെ ധാരണ. അവരാണ് കേരളത്തിൽ നിന്നും ആദ്യമായി ബി.എ. പാസായ പട്ടികജാതിയിൽപ്പെടുന്ന സ്ത്രീ. എന്റെ നാട്ടുകാരിയാണ്. അവരുടെ സഹോദരനാണ് പിൽക്കാലത്തെ എം.പിയും എം.എൽ.എയുമായിരുന്ന, ആദർശധീരനായ കെ.കെ. മാധവൻ മാസ്റ്റർ. ദാക്ഷായണിയുടെ ഭർത്താവായിരുന്നു കൊല്ലത്തുനിന്നും പാർലമെന്റിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ആർ.വേലായുധൻ. ആർ.വേലായുധൻ മുൻപ്രസിഡന്റ് കെ.ആർ.നാരായണന്റെ ബന്ധുവാണ്.

1949 നവംബർമാസം 29-ാംതീയതി ഭരണഘടന നിർമ്മാണസഭ ഇന്ത്യയ്ക്കൊരു ഭരണഘടന തയ്യാറാക്കി അത് അംഗീകരിച്ചു. ആ ഭരണഘടനയിൽ 284പേർ ഒപ്പുവെച്ചു. ബാക്കിയുള്ളവർ അസൗകര്യംകൊണ്ട് ഒപ്പുവയ്ക്കാത്തവരാണ്. എല്ലാവരും അത് അംഗീകരിച്ചതാണ്. ആ ഭരണഘടന 1950 ജനുവരി മാസം 26-ാം തീയതി രാജ്യത്തിൽ നടപ്പിൽവന്നു. അതിന്റെ ആമുഖം ഞാൻ വായിക്കാം.

WE, THE PEOPLE OF INDIA, having solemnly resolved to constitute India into a SOVEREIGN SOCIALIST SECULAR DEMOCRATIC REPUBLIC and to secure to all its citizens:

JUSTICE, social, economic and political;

LIBERTY of thought, expression, belief, faith and worship;

EQUALITY of status and of opportunity;

and to promote among them all

FRATERNITY assuring the dignity of the individual and the unity and integrity of the Nation;

IN OUR CONSTITUENT ASSEMBLY this twenty-sixth day of November, 1949, do HEREBY ADOPT, ENACT AND GIVE TO OURSELVES THIS CONSTITUTION.

സോവറിൻ, സോഷ്യലിസ്റ്റ് എന്ന രണ്ടു പദങ്ങൾ 1976ലുണ്ടായ 46-ാം ഭരണഘടനാഭേദഗതിയിലൂടെഇന്ദിരാഗാന്ധി പ്രധാനമന്ത്രിയായിരിക്കുന്ന കാലത്ത് എഴുതിച്ചേർത്ത് അംഗീകരിച്ചതാണ്.

322 ഭാഗങ്ങളായി 395 അനുച്ഛേദങ്ങളടങ്ങുന്ന ഈ ഭരണഘടന ലോകം കണ്ട, മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുന്ന, ജനജീവിതത്തെ മുന്നോട്ടു നയിക്കുന്ന, ഏറ്റവും ഉദാത്തമായ ഭരണഘടനയാണെന്ന് ആർക്കും അഭിമാനത്തോടെ പറയാമെന്നു ഞാൻ പറയട്ടെ. അമേരിക്കൻ ഭരണഘടനയുണ്ട്. ശ്രീലങ്കയ്ക്കു ഭരണഘടനയുണ്ട്. ഒരുപാടു രാജ്യങ്ങൾക്ക് ഭരണഘടനയുണ്ട്. എഴുതപ്പെടാത്ത ഭരണഘടനയുള്ള ബ്രിട്ടൻപോലുള്ള രാജ്യങ്ങളുണ്ട്. ഇന്ത്യയുടെ ഭരണഘടന ഉദാത്തമാണ്. ഇത്രയും ഉദാത്തമായ ഭരണഘടന എന്തിനുവേണ്ടി ഉണ്ടായി എന്നതിന്റെ ചുരുക്കം ഈ ആമുഖത്തിലുണ്ട്.

WE, THE PEOPLE OF INDIA- നാം കൂടിച്ചേർന്നാണ് ഭരണഘടന ഉണ്ടാക്കിയത്. നാട്ടുരാജ്യങ്ങളിൽനിന്ന്, പ്രവിശ്യകളിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ടവരും, ക്യാബിനറ്റ് മിഷനും, ദേശീയനേതൃത്വവും സംസാരിച്ചെടുത്ത തീരുമാനത്തിന്റെ വെളിച്ചത്തിൽ പ്രതിനിധികൾ അടങ്ങുന്ന സഭയാണ് ഇതു തീരുമാനിച്ചത്. ധനമില്ലാത്ത, ഭൂമിയില്ലാത്ത അവസ്ഥയിൽ ജീവിക്കുന്ന പലർക്കും അന്ന് തെരഞ്ഞെടുപ്പിൽ വോട്ടു ചെയ്യാൻപോലും അവകാശമുണ്ടായിരുന്നില്ല. മഹാഭൂരിപക്ഷത്തിന്റെ പിൻതുണയുള്ള തെരഞ്ഞെടുപ്പുവഴി തെരഞ്ഞെടുക്കപ്പെട്ടവരിൽ നിന്നും തെരഞ്ഞെടുത്ത ആളുകളല്ലായിരുന്നു ഭരണഘടനയിലെ മഹാഭൂരിപക്ഷം പേരും. WE, THE PEOPLE OF INDIA എന്നു പറഞ്ഞാൽ ജനങ്ങളാകുമോ? ഭരണഘടന ഉണ്ടാക്കിയിട്ട് ഒരു റഫറണ്ടം പോലെ രാജ്യത്തിലെ ജനങ്ങളിലേക്ക്, അവരുടെ അംഗീകാരത്തിനുവേണ്ടി അയച്ചോ? ഇല്ല. പക്ഷെ, ഈ ഭരണഘടന ജനങ്ങളുടെ അംഗീകാരത്തോടെയാണ്, അറിവോടെയാണ് സൃഷ്ടിക്കുന്നതെന്ന വ്യക്തമായ കാഴ്ചപ്പാടാണ് അതുൾക്കൊള്ളുന്നത്. ആ ധാരണയാണ്, സങ്കല്പമാണ് അത് ഇന്ത്യയിലെ ജനങ്ങൾക്ക് ഈ പ്രയോഗത്തിലൂടെ പ്രദാനം ചെയ്യുന്നത്. ഇന്ത്യ എന്നു പറയുന്നത് ഒരു SOVEREIGN SOCIALIST SECULAR DEMOCRATIC REPUBLIC ക്കാണ്.

സോവറിൻ എന്നതുകൊണ്ട് അർത്ഥമാക്കുന്നത് 'പരമാധികാരം' എന്നാണ്. അത് ഇന്ത്യയ്ക്കാണ്. അതുവരെ ആ അധികാരം ബ്രിട്ടനായിരുന്നു. ഈ രാജ്യം രാജ്യമായി മാറിയ ശേഷം, സ്വാതന്ത്ര്യം നേടിയശേഷം, ഈ ലോകത്തിലെ മറ്റൊരു ശക്തിക്കും, മറ്റൊരു രാജ്യത്തിനും ഇന്ത്യയുടെ മേലെ ഒരു തരത്തിലുമുള്ള അധികാരവുമില്ല. വേറെ ആരുടേയും നിയന്ത്രണത്തിനു വിധേയമല്ല എന്നതാണ്. പരമാധികാരം തുളുമ്പുന്ന രാജ്യമാണ് ഇന്ത്യ.

സോഷ്യലിസം എല്ലാവർക്കുമറിയാം. അതു കേൾക്കാത്ത ആരുംതന്നെ കാണില്ല. പക്ഷെ പറച്ചിലുമാത്രമെയുള്ളു. സോഷ്യലിസം ജനങ്ങൾക്ക് അനുഭവവേദ്യമാകേണ്ട ഒന്നാണ്. കാൾ മാക്സ് പറഞ്ഞിട്ടുള്ള സയന്റിഫിക് സോഷ്യലിസം ഉണ്ട്. അല്ലെങ്കിൽ തോമസ് മൂറിന്റെ യുട്ടോപ്യൻ സോഷ്യലിസമുണ്ട്. അല്ലെങ്കിൽ ഗാന്ധിയൻ സോഷ്യലിസമുണ്ട്. നെഹ്റു പറയുന്ന സോഷ്യലിസ്റ്റ് പാറ്റേൺ ഓഫ് സൊസൈറ്റിയുണ്ട്. സോഷ്യലിസത്തിനു വിധമായിട്ടുള്ള വ്യാഖ്യാനങ്ങളുണ്ട്. പക്ഷെ, ഇതിന്റെയെല്ലാം കാതൽ, അന്തസ്സത്ത എന്നു പറയുന്നത് മനുഷ്യരെല്ലാം സമന്മാരാണെന്നും, മനുഷ്യരിവിടെ ജീവിക്കുന്നത് സമത്വത്തിലൂടെയാവണമെന്നുമാണ്. നിങ്ങൾക്ക് ഓരോരുത്തർക്കും വോട്ട് ഉണ്ട്. എന്റെ വോട്ടിനും നിങ്ങളുടെ വോട്ടിനും ഒരു വിലയാണ്. പക്ഷെ, വോട്ടു ചെയ്യുന്ന എനിക്കും വോട്ടു ചെയ്യുന്ന നിങ്ങൾക്കും സമൂഹത്തിൽ പല വിലയാണ്. സമൂഹിക ജീവിതത്തിൽ, സാമ്പത്തിക ജീവിതത്തിൽ പങ്കാളിത്തമില്ലാത്ത, അല്ലെങ്കിൽ വളരെ ചുരുങ്ങിയ പങ്കാളിത്തം മാത്രമുള്ള സാമൂഹ്യക്രമത്തിൽ ജീവിക്കുന്ന അവസ്ഥ മാറി പൊളിറ്റിക്കൽ ഡിമോക്രസി നേടിയാലേ ജനാധിപത്യത്തിന് അടിസ്ഥാനമുള്ളു. അതിനെ മാത്രമേ യഥാർത്ഥ ജനാധിപത്യമായി കണക്കാക്കാൻ കഴിയൂ എന്ന് അംബേദ്ക്കർ പറഞ്ഞിട്ടുണ്ട്. സത്യമായ കാര്യമാണ്. വോട്ടിന് ഒരു വില. വോട്ട് ചെയ്യുന്നവർക്ക് പല വില. സമൂഹത്തിൽ നിലനിൽക്കുന്ന അസംതുലിതമായ അവസ്ഥ. ഒരാൾക്ക് പതിനായിരം ഏക്കർ സ്ഥലം. മറ്റൊരാൾക്ക് ഒരു ചെറ്റക്കുടിൽ വെച്ചു താമസിക്കുന്നതിനുള്ള ഇടമില്ലായ്മ. ആഹാരം കഴിക്കാൻ നിവൃത്തിയില്ല, നല്ല ഉടുപ്പു ധരിക്കാൻ നിവൃത്തിയില്ല. ഒരു തുണ്ടു ഭൂമി വാങ്ങിക്കാൻ നിർവാഹമില്ല. അടിച്ചമർത്തപ്പെട്ടവരെപ്പോലെ അധഃസ്ഥിതിയിൽ കഴിയുന്ന അവസ്ഥ. ഇതല്ല ഈ രാജ്യത്തിന്റെ ഭരണഘടന വിഭാവനം ചെയ്യുന്നത്. സോഷ്യലിസമാണ്. സോഷ്യൽ ജസ്റ്റീസ് എല്ലായിടത്തും പുലരണം. സാമ്പത്തിക ക്രമത്തിൽ തുല്യമായ പങ്കാളിത്തമുള്ള, തുല്യമായ മാന്യതയുള്ള ഒരു സാമൂഹിക ക്രമം ഈ രാജ്യത്ത് ഉടലെടുക്കണം, നടമാടണം, അതാണ് സോഷ്യലിസം എന്നതുകൊണ്ട് വിവക്ഷിക്കുന്നത്. അതാണ് സോഷ്യലിസം.

(അടുത്ത ലക്കത്തിൽ തുടരും)

# കാവ്യനർത്തകി- സർഗ്ഗസൃഷ്ടിയുടെ സ്വപ്നസ്പന്ദനങ്ങൾ

**ഡോ.വി.എസ്.രാധാകൃഷ്ണൻ**



**ച**ങ്ങമ്പുഴക്കവിതകളിൽ ഏറെ ശ്രദ്ധ നേടിയ ഒരു കവിതയാണ് കാവ്യനർത്തകി. കവിയെ സംബന്ധിച്ച് അന്തരിന്ദ്രിയ ചേതനയിൽ നിന്നും ദിവ്യ നിമിഷങ്ങളിൽ അക്ഷരനാദങ്ങളിൽ രൂപംകൊള്ളുന്ന സാഹിത്യ കലയാണ് കവിത. കവിഹൃദയത്തിൽ വൈകാരികഭാവ ചലനങ്ങൾ സൃഷ്ടിക്കുന്ന ഏതാശയത്തിനും കാവ്യരൂപം നൽകുവാൻ കവിക്ക് കഴിയുന്നു. കവിതയെ കവിയുടെ ഉപബോധത്തിന്റെ ഉണർത്തുപാട്ടായി കാണുകയാണെങ്കിൽ ചങ്ങമ്പുഴയുടെ കാവ്യ നർത്തകിയെ ആ ഗണത്തിൽപെടുത്താം. കവിയുടെ ഉപബോധത്തിന്റെ സ്വപ്നാത്മക സ്പന്ദനത്തിന്റെ അക്ഷരരൂപമാണ് കാവ്യ നർത്തകി എന്ന കവിത.

ശൈലികൊണ്ടും ആവിഷ്ക്കരണ മേന്മ കൊണ്ടും ഏറെ പ്രത്യേകത ഈ കവിതയ്ക്കുണ്ട്. (കുമാരനാശാന്റെ കാവ്യകല അഥവാ ഏഴാം ഇന്ദ്രിയം, മധുസൂദനൻ നായരുടെ വാക്ക് എന്നീ കവിതകൾക്ക് മറ്റ് ചില സവിശേഷതകളാണുള്ളത്). കാവ്യനർത്തകി ഇന്നേവരെയുണ്ടായിട്ടുള്ള കവിതകളിൽ നിന്നും എടുത്തു പറയത്തക്ക ചില സവിശേഷതകൾ കൊണ്ട് ഒറ്റപ്പെട്ടു നില്ക്കുന്ന ഒരു കാവ്യശില്പം തന്നെയാണ്. ഒരുപക്ഷെ, ഒരു കവിയുടെ സർഗ്ഗാത്മകതയുടെ അത്യുന്നത ധ്യാന മുഹൂർത്തത്തിലെ സമാധിസ്ഥമായ അനുഭവങ്ങളെയോ അനുഭൂതികളെയോ വെളിപാടുകളെയോ ഇത്രമാത്രം ലാവണ്യാത്മക ഭാഷയിൽ എഴുതിയിട്ടുള്ളത് ചങ്ങമ്പുഴ മാത്രമായിരിക്കും. കാവ്യ രചനാ വേളയിൽ കവിമനസ്സിന്റെ വ്യാപാരങ്ങളെ ഇത്ര സൂക്ഷ്മമായി അപഗ്രഥിച്ചുകൊണ്ട് ഭാഷാകവിതയുടെ മഹത്വത്തെയാണ് അദ്ദേഹം വെളിപ്പെടുത്തിയിരിക്കുന്നത്.

നൃത്താനുരൂപവും ഹൃദയഹാരിയുമായ ശബ്ദ വിന്യാസക്രമം ഈ കവിതയെ കൂടുതൽ ആകർഷകമാക്കുന്നുണ്ട്. ആസ്വാദകൻ കാവ്യ നർത്തകി വായിക്കുമ്പോൾ അലൗകികമായ ഒരു സ്വപ്ന പ്രപഞ്ചത്തിലേക്ക് പ്രവേശിക്കുന്നു. കാവ്യ സൗന്ദര്യവും കലാബോധവും സമ്മേളിക്കുന്ന ആദ്യന്തം ശ്രേഷ്ഠമാകുന്നതും അതിന്റെ പ്രത്യേക വിന്യാസ ക്രമം കൊണ്ട് തന്നെ. വായനയിലൂടെയും പുനർവായനയിലൂടെയും സഹൃദയനിൽ സൗന്ദര്യ സങ്കല്പങ്ങളുടെ മഴവിൽക്കൊടി നിവർത്തുന്ന കവിത തന്നെയാണ് കാവ്യനർത്തകി.

സൗന്ദര്യാരാധകനും, സ്വപ്നദർശിയും ഭാവനാ സമ്പന്നനുമായ ഒരു കാല്പനിക കവിയ്ക്കു മാത്രമേ ഇത്തരത്തിൽ സ്വപ്നാത്മകമായ ചിത്രീകരണത്തിലൂടെ വായനക്കാരിൽ അനുഭൂതി സൃഷ്ടിക്കുവാൻ കഴിയൂ. കാവ്യ ഗാത്രാനുഗുണമായ ഭാഷ, സംഗീതം, ഭാവന എന്നീ ത്രിമാനങ്ങളിലൂടെ ദിവ്യമായൊരു ഭാവബന്ധുരത കാവ്യനർത്തകി നേടിയിട്ടുണ്ട് എന്നതിൽ സംശയമില്ല. മലയാള ഭാഷയുടെ ശക്തി ചൈതന്യം കൊണ്ട് കാവ്യാനുഭൂതിയുടെ അത്യുന്നത ശൃംഗത്തിൽ മലയാളിയെ എത്തിക്കുവാൻ ചങ്ങമ്പുഴയ്ക്കുണ്ടായിരുന്ന കാവ്യ വ്യാപാരത്തിന്റെ സിദ്ധി ഔന്നിത്യം കൂടിയാണ് ഈ കവിത.

മലയാള കവിതയെ അംഗലാവണ്യത്തിന്റെ സ്ത്രീ രൂപമായി കല്പിച്ചുകൊണ്ട് ഭാവനാ സുന്ദരമായി രചിച്ചിരിക്കുന്ന മലയാളത്തിലെ ഏക കവിതയാണിത്. മലയാള ഭാഷയുടെ സൗന്ദര്യവും അതിന്റെ സർഗ്ഗവ്യാപ്തിയും കൂടി ഈ രചന ഉൾക്കൊള്ളുന്നു. കാവ്യോത്തേജനത്തിൽ ആത്മലയം പ്രാപിക്കുമ്പോൾ ആ ദിവ്യ മുഹൂർത്തത്തെ ഇത്രമാത്രം സമ്പൂർണ്ണ പദസംഘാതങ്ങളിൽ ആവിഷ്ക്കരിക്കണമെങ്കിൽ അനിതരസാധാരണമായ സർഗ്ഗശക്തിയുള്ള കാവ്യാത്മാവിനേ കഴിയൂ. ആ സാധ്യതയുടെ ചിമിഴിലടച്ച മഹാപ്രപഞ്ചമാണ് ചങ്ങമ്പുഴയുടെ കാവ്യനർത്തകി.

വായനക്കാരന്റെ മുമ്പിൽ അഴകൊരുടലാർന്നതുപോലെ നൃത്തമാടുന്ന കാവ്യനർത്തകിയുടെ പദചലനങ്ങളിൽ പൂർണ്ണ നിമഗ്നനാകുന്ന സഹൃദയൻ തന്നെത്തന്നെ വിസ്മരിക്കുന്നു. അത്രമാത്രം സൂചി സൂഷ്മതയോടെ രംഗസംവിധാനം ചെയ്യാൻ കവിക്ക് സാധിച്ചിരിക്കുന്നു. കവിതയുടെ ആന്തരിക ചൈതന്യത്തിന്റെ അർത്ഥതലങ്ങളേയും അത് സഹൃദയനിൽ അനുഭവിപ്പിക്കുവാൻ പോരുന്ന നാദലയങ്ങളും സൃഷ്ടിക്കുന്നതിൽ ചങ്ങമ്പുഴയ്ക്ക് ഒരു പ്രയാസവും ഉണ്ടായിരുന്നില്ല.

അത്യാകർഷകവും സുരഭിലവുമായ ഒരു പൂവിന്റെ ദളങ്ങൾ സാവകാശം വിരിഞ്ഞുവരും പോലെയാണ് ഈ കവിതയുടെ അംഗോപാംഗോന്മീലനം. ഇപ്രകാരം സാവകാശം അനുധാവനം ചെയ്യപ്പെടുന്ന വാക്കുകളാൽ വായനക്കാരനെ ഒരു വല്ലാത്ത മനോമണ്ഡലത്തിലേക്ക് ഉയർത്തിയിരിക്കുകയാണ് ഇതിന്റെ വായനയിൽ കവി. കവിതയുടെ രൂപഭംഗിയും വാക്കുകളുടെ ലയനസാന്ദ്രതയും അത്ഭുതകരമാംവിധം കവി ഇതിൽ നിർവ്വഹിക്കുന്നു.

*'സുരഭില മൃഗമദ തിലകിത ഫാലം*
*സുമ സമ സുലളിത മൃദുല കപോലം*
*നളിന ദള മോഹന നയന വിലാസം*
*നവ കുന്ദ സുമ സുന്ദര വര മന്ദഹാസം'*

തുടങ്ങിയ വരികളിലെ ആകാര സൂഷ്മതയും പദസംപൃക്തതയും ആരേയും ഏതുകാലത്തും അത്ഭുതപ്പെടുത്തുക തന്നെ ചെയ്യും.

ഒരു കവി എന്ന നിലയിൽ തന്റെ ആത്മവത്തയിൽ ശക്തമായി കുടിയിരുന്ന കാവ്യസിദ്ധിയുടെ അനുഭവ സീമകളെയാണ് ചങ്ങമ്പുഴ ഇവിടെ യഥാർത്ഥത്തിൽ അവതരിപ്പിക്കുന്നത്. രചനയുടെ അതിദിവ്യവും അനന്തവുമായ മുഹൂർത്തങ്ങളിൽ തന്റെ അന്തരംഗം സ്വയം അനുഭവിച്ച രചനാരീതിയെ കവി അവതരിപ്പിക്കുന്നത് നോക്കുക.

*'ജന്മം ഞാൻ കണ്ടു ഞാൻ നിർവൃതി കൊണ്ടു*
*ജന്മാന്തരങ്ങളിലെ സുകൃതാമൃതമുണ്ടു*
*ആയിരം സ്വപ്നങ്ങൾ സ്വർഗ്ഗവുമായെത്തി*
*മായികേ നീ നിൻ നടനം നടത്തി'*

എന്നിപ്രകാരം കുറിച്ചിടുമ്പോൾ താൻ സ്വയം അനുഭവിച്ച ആ നിർവൃതിയുടെ ആഴം സഹൃദയനും അനുഭവിക്കുന്നു.

ചങ്ങമ്പുഴ എന്ന കവിയുടെ ആത്മഭാവങ്ങളുടെ നിരവധി പ്രതലങ്ങൾ ഈ കവിതയിലും അവിടവിടെയായി മിന്നിമറയുന്നത് നാം കാണുന്നു. അല്ലെങ്കിൽ തന്നെയും ആത്മപ്രകാശനം കാല്പനിക കവിയുടെ മുഖമുദ്രയും ഒസ്യത്തുമായിരുന്നുവല്ലോ. ഈ പ്രത്യേകതയാണ്

*'ഒരു പകുതി പ്രജ്ഞയിൽ നിഴലും നിലാവും*
*ഒരു പകുതി പ്രജ്ഞയിൽ കരിപൂശിയ വാവും'*
*'കവരുന്നു കവിതേ തവ നൃത്ത രംഗം*
*കാപാലികനെങ്കിലും എൻ അന്തരംഗം'*

തുടങ്ങിയ വരികൾ.

രചനയുടെ അത്യുന്നത മുഹൂർത്തത്തിൽ കവി സ്വയം അനുഭവിക്കുന്ന ആനന്ദത്തെ കുറിച്ചിട്ടിരിക്കുന്നത് ഇപ്രകാരമാണ്.

'മുനിമാരും നുകരാത്തൊരു സുഖചക്രവാളം
പുണരുന്നു പുളകിതം മമ ജീവനാളം'

ഈ ആനന്ദത്തിനുപരി തനിക്കൊന്നും ആവശ്യമില്ലെന്നാണ് കവിയുടെ പ്രഖ്യാപനം. രചനയുടെ ആ സുഖദമായ വേളകൾ പെട്ടെന്നു തന്നെ മനസ്സിൽ നിന്നും അകലുമ്പോൾ കവിക്ക് ഒരൊറ്റ പ്രാർത്ഥനയേയുള്ളൂ. അതിതാണ്

'തവ തലമുടിയിൽ നിന്നൊരു നാരു പോരും
തരികെന്നെ തഴുകട്ടെ പെരുമയും പേരും'

സർഗ്ഗാത്മകതയുടെ ഹൃദയതാളങ്ങൾ അതിന്റെ വിശ്വരൂപത്തിൽ അത്യന്തമനോഹരമായി അവതരിപ്പിച്ചിരിക്കുന്ന ഈ കവിത ചങ്ങമ്പുഴയുടെ സർഗ്ഗസൃഷ്ടിയുടെ സ്വപ്നസ്പന്ദനങ്ങളാണെന്നുതന്നെ പറയാം.



## മുത്തശ്ശി

**എ.ശാന്തമ്മ ഉള്ളന്നൂർ**

**മു**റ്റത്തെ പ്ലാവിൽ കനംതൂങ്ങുന്ന കായ്കനിനോക്കി
മുത്തി ചൊല്ലുന്നു തരക്കേടില്ല വരുംകാലം
പുത്തനാമിടിച്ചക്കത്തോരനായ് പുഴുക്കായി
പുത്തോണത്തിനു വറുത്തുപ്പേരിയായും, പിന്നെ
ത്തേനോലും പഴമായും കാളുന്ന വിശപ്പാറ്റാനാ-
റുമാനവും കനിയുന്നവളീമുത്തശ്ശി.

അടുപ്പിൽ വിറകില്ലെന്നമ്മ ചൊല്ലുമ്പോൾ ചെന്നാ-
ലടുക്കിച്ചുള്ളിക്കെട്ടു തരുവോളീമുത്തശ്ശി
അന്തിക്കു കഞ്ഞിക്കു ചൂടാറ്റുവാനൊരു കുഞ്ഞു
മഞ്ഞ പ്ലാവിലക്കുമ്പിൾ തരുവോളീമുത്തശ്ശി.

കുട്ടനൊരുഞ്ഞാൽക്കെട്ടു മോണത്തിനത്താഴത്തെ
കട്ടിയാം കൊമ്പിൽ ഞങ്ങളാടിപ്പാടുമാക്കൈയിൽ
മകരക്കുളിർമറ്റാനായില വാരിക്കൂട്ടി
മലപോൽത്തീയിട്ടതിൻ ചുറ്റും നിന്നാടിപ്പാടും
വർഷാന്തപ്പരീക്ഷയ്ക്കു ചൂടേറും നേരം കുളിർ
വർഷമായ് പഠനത്തിൻമേൽനോട്ടമീമുത്തശ്ശി
അവധിക്കാലങ്ങളിൽ സ്വപ്നം കണ്ടിരിക്കുവാൻ
അണയാറുണ്ടാച്ചോട്ടിലുയരും വേരും നോക്കി
കാറ്റൊരു കൊടുങ്കാറ്റായ്ത്തലയിട്ടടിക്കവെ
കാക്കുവതീമുത്തശ്ശിതന്നെയീ മൺകൂരയെ
ആയിരം കഥയുണ്ടു ചൊല്ലുവാനീമുത്തശ്ശി
ക്കായിരമല്ലാ, പൂർണ്ണചന്ദ്രനെക്കണ്ടതിവൾ
എങ്കിലുമൊരു ക്ഷീണമില്ല, കേടില്ലാ തങ്ക
ക്കുങ്കുമം വാരിപ്പൂശി നിൽക്കുന്നു ചിരിയോടെ

പത്തിലെപ്പരീക്ഷക്കു ജയിച്ചു ക്ലാസും വാങ്ങി
പ്പട്ടണത്തിലെ കലാശാലയിൽപ്പഠിക്കണം
പട്ടിണിപ്പാവങ്ങളാം ഞങ്ങൾക്കു പണമെങ്ങാ
ശിഷ്ട സ്വപ്നങ്ങൾ സഫലങ്ങളായ് മാറ്റീടുവാൻ?
പൊട്ടുന്ന മനമോടെ യമ്മ ചൊല്ലുന്നൂ കഷ്ടം!
മുറ്റത്തെ പ്ലാവു വെട്ടി വിൽക്കണമതേമാർഗ്ഗം.
ഞെട്ടിപ്പോയൊരു മാത്ര, പിന്നെയാപ്പരമാർത്ഥം
ഒട്ടടി പറിക്കയാണീയഗാഥതകളെ!

പലരും വരുന്നുണ്ടു മുറ്റത്തെ പ്ലാവിൻ ചുറ്റും
വളവും വണ്ണം നീളം അളന്നു വിലപേശാൻ
മുത്തശ്ശി നിൽപൂ കണ്ണിൽ നിസ്വാർത്ഥസ്നേഹത്തിന്റെ
നിശ്ചല ദ്യുതിയുമായങ്ങപാരത നോക്കി.

ഇരുളിൽചെന്നാമുറിയിൽച്ചാഞ്ഞു ഞാൻ പൊട്ടിക്കര-
ഞ്ഞറിയാതിരുന്നുപോയ്ക്കാലടിച്ചോട്ടിൽതന്നെ.
ഇരുകൈകളാലെന്നെയെടുത്തു മുത്തിക്കൊണ്ടു
നിറകണ്ണുകളോടെ മുത്തശ്ശി ചൊല്ലുന്നേവം
അരുതേ, കരയല്ലേ മക്കളെ യിജ്ജീവിതം
മധുരം, സ്നേഹം, ത്യാഗം, നിങ്ങൾക്കായർപ്പിച്ചു ഞാൻ
ഉയരങ്ങളും താണ്ടി വെളിച്ചം തേടും നിന്നെ
പ്പിരിയാതിരിക്കട്ടെ ഞങ്ങൾ തൻ സന്ദേശങ്ങൾ.



# ശുദ്ധോദനാപദാനം

ഗദ്യപരിഭാഷ
**ശൂരനാട് രവി**

മൂല കാവ്യം: **ബോധി സത്വാപദാനകല്പലത**

കവി: **ക്ഷേമേന്ദ്രൻ** – 11-ാം നൂറ്റാണ്ട് (കാശ്മീരി കവി)





**പ**ണത്തേക്കാൾ എത്രയോ മെച്ചമാണ് ഗുണം. ഭോഗത്തേക്കാൾ യോഗമാണ് ശ്രേഷ്ഠം. ഭഗവാൻ ഈ തത്ത്വം ഭിക്ഷുക്കൾക്ക് യഥാവിധി പറഞ്ഞുകൊടുത്തു.

കാശിയിലെ ബ്രഹ്മദത്ത രാജാവിന്റെ മകൾ ബാലസരസ്വതി സൂക്തം വിറ്റു കാശു വാങ്ങിയ കഥ ഭഗവാൻ ഉദാഹരിച്ചു.

കാശിരാജാവായ ബ്രഹ്മദത്തൻ രാജ്യം ഭരിക്കുന്ന സമയം. അന്ന് ആ നാട്ടിൽ ശുദ്ധോദനൻ എന്നുപേരുള്ള ഒരു ഗൃഹനാഥൻ ഉണ്ടായിരുന്നു. കുബേരനെപ്പോലെ ധനമുള്ളവൻ. ചോദിക്കുന്നവർക്ക് എന്തും കൊടുക്കുന്നവനായിരുന്നു ശുദ്ധോദനൻ. ഈ ധനവാൻ കടൽയാത്ര നടത്തി ധാരാളം രത്നങ്ങൾ സമ്പാദിച്ചു. കണക്കില്ലാത്ത രത്നക്കൂമ്പാരങ്ങൾക്കൊണ്ട് അയാളുടെ വസതി കൊട്ടാരസദൃശമായി.

ഇടയ്ക്കിടെ കപ്പൽയാത്ര നടത്തും. വിലയേറിയ രത്നഹാരങ്ങൾ കൊണ്ടുവരും. ഒരിക്കൽ രത്നദ്വീപിൽ പോയി വന്ന ശുദ്ധോദനൻ രത്നങ്ങൾകൊണ്ടു നിർമ്മിച്ച മനോമോഹനമായ ഒരു കളിപ്പൂ പുഞ്ചിരി തഞ്ചുന്ന തെളിമാല ബ്രഹ്മദത്തനു കാഴ്ചവച്ചു. സൂര്യകിരണങ്ങൾ കൂട്ടിപ്പിരിച്ച് അതിൽ നക്ഷത്രമുത്തുകൾ പതിച്ചതുപോലുള്ള കമനീയമാല. നല്ലതുവേണമല്ലോ ദാനം ചെയ്യാൻ.

ഈ രത്നഹാരം രാജാവിന് കൊടുക്കുന്നത് മകളായ ബാലസരസ്വതി കണ്ടു. ഒരു നല്ല സൂക്തം ആ പെൺകുട്ടി നീട്ടിപ്പാടി. നല്ല ഈണത്തിൽ പാടി. മേടമേൽ നിന്നു കേട്ട ആ സൂക്തം ശുദ്ധോദനന്റെ ഹൃദയത്തെ വല്ലാതെ ആകർഷിച്ചു. ഇങ്ങനെയുമുണ്ടോ ഈ ലോകത്ത്... അദ്ദേഹം അത്ഭുതപ്പെട്ടു. രത്നഹാരങ്ങളെക്കാൾ എത്ര ഭംഗിയാണ് സൂക്തങ്ങൾക്ക്. ഇത് കാതിന് അമൃതാണ്. കരളിന് കുളിരാണ്. മനസ്സില്ലാമനസ്സോടെ ശുദ്ധോദനൻ തന്റെ കൊട്ടാര സദൃശമായ വീട്ടിലെത്തി. അദ്ദേഹത്തിന് ഉറക്കം വന്നില്ല. താൻ സമ്പാദിച്ചിട്ടുള്ള രത്നക്കൂമ്പാരത്തേക്കാൾ എത്രയോ വിലപ്പെട്ടതാണ് ബാലസരസ്വതി പാടിയ സൂക്തം. അതിന്റെ വിലമതിക്കാൻ ആർക്കു കഴിയും... ആ സൂക്തങ്ങൾ വീണ്ടും കേൾക്കാനുള്ള ആശ മനസ്സിൽ വളർന്നു.

പന്ത്രണ്ട് ആണ്ടുകൊണ്ട് എത്ര രത്നം സമ്പാദിച്ചു. എന്നാൽ അതിലൊന്നും പോലും ഈ സൂക്തത്തെക്കാൾ വിലയുള്ളതല്ല തന്നെ. ഈ കല്ലുകൾക്ക് എന്താണ് ഒരു വില... ഇത് മനുഷ്യന്റെ മനസ്സിനെ ഇക്കിളിപ്പെടുത്തുന്നതല്ലാതെ മനുഷ്യനെ മനുഷ്യനാക്കാൻ ഇതിനു കഴിയുന്നില്ല. ഉറക്കം വരാത്ത രാത്രികളും ചോരഭയവും സമ്മാനിക്കാനല്ലാതെ ഈ രത്നങ്ങൾക്ക് എന്താണ് കഴിയുക. സൂക്തങ്ങൾ! അത് നിലാവാണ്. വേനലാണ്. മഴയാണ്. കാറ്റാണ്. പൂവാണ്. പൂക്കാലമാണ്. ശുദ്ധോദനൻ സൂക്തത്തിന്റെ അടിമയായി മാറുകയായിരുന്നു. ഏതോ ഒരു സൂക്തലഹരി അദ്ദേഹത്തെ അടിമപ്പെടുത്തി.

ശുദ്ധോദനൻ ഒരു ദൂതനെ കൊട്ടാരത്തിലേക്ക് അയച്ചു ബാലസരസ്വതിയിൽ നിന്ന് സൂക്തങ്ങൾ ആവശ്യപ്പെട്ടു. പെൺകുട്ടി പറഞ്ഞു.

'വിലതരാതെ സൂക്തങ്ങൾ തരുകയില്ല.'

സൂക്തികൾ രത്നങ്ങളേക്കാൾ വിലപ്പെട്ടതാണ്.

ശുദ്ധോദനൻ അതുവരെ സമ്പാദിച്ച രത്നങ്ങൾ മുഴുവൻ കൊടുത്ത് രാജകുമാരിയിൽ നിന്ന് സൂക്തി വിലയ്ക്കു വാങ്ങി. സൂക്തങ്ങൾ വഴിനീളെ നടന്നു ചൊല്ലി. കേട്ടവർ കേട്ടവർ കാതോർത്തു നിന്നു. ക്ഷേത്രത്തിൽ ചെന്നുനിന്നു ചൊല്ലി. ഭക്തർ കാതോർത്തുനിന്നു. ഹാ! രത്നങ്ങൾ കൈയിൽ ഉള്ളപ്പോൾ ഏവർക്കും അസൂയ. ഇപ്പോഴോ? അടുത്തുവരാൻ ഉത്സാഹം... കേട്ട് ആഹ്ലാദിക്കാൻ അത്യുത്സാഹം.

അർത്ഥവത്തായ സൂക്തങ്ങൾ... അകത്തും പുറത്തും എന്താണ് ഉള്ളത്. ആഗ്രഹങ്ങളുടെ ആത്യന്തികമായ നാശത്തിൽ നിന്നുള്ള തെളിമ എത്ര മഹത്തരമാണ്. തത്ത്വങ്ങളിൽനിന്നും ഉല്പന്നമാകുന്ന സിദ്ധികൾ എത്ര വലുതാണ്.

ശുദ്ധോദനൻ ഈണത്തിൽ സൂക്തങ്ങൾ ചൊല്ലി. വാക്കുകൾക്ക് രത്നങ്ങളേക്കാൾ തിളക്കമുണ്ടെന്നു തോന്നി.

കേൾക്കുന്നവരുടെ ഹൃദയത്തിൽ അത് ചെന്നുകൊണ്ട് അനുരണനം ചെയ്യുന്നതായും തോന്നി. മനസ്സിന്റെ അജ്ഞാത മേഖലകളിൽ മുട്ടി മുഴങ്ങുന്നതായി തോന്നി.

ഇത്രയും വിലയുള്ള രത്നങ്ങൾ കൊടുത്തു വെറും സൂക്തങ്ങൾ വാങ്ങിയതിന് ചിലർ ശുദ്ധോദനനെ പഴി പറഞ്ഞു. എന്താണ് ഈ സൂക്തങ്ങൾക്കുവേണ്ടി വിലപ്പെട്ട രത്നങ്ങൾ കൊടുത്തത്. വെറും ഒരു പെൺകുഞ്ഞിന്റെ വാക്കു കേട്ടു വിശ്വസിക്കത്തക്കവണ്ണം താങ്കൾ ഒരു പരമ സാധുവായിപ്പോയല്ലോ. ആരെങ്കിലും മുത്തുകൊടുത്ത് മൂഷികനെ വാങ്ങുമോ?

സൂക്തങ്ങൾക്കോ ഇവിടെ ക്ഷാമം. അത് ആർക്കും എപ്പോഴും ചൊല്ലാവുന്നതാണ്. എന്നാൽ കഠിനാദ്ധ്വാനം ചെയ്തെങ്കിൽ മാത്രമേ രത്നം സമ്പാദിക്കാൻ കഴിയൂ. ഹേ വിഡ്ഢി.. ഒന്നു കേൾക്കൂ..

ചോറിനുപകരം സൂക്തം വാരിത്തിന്നാൽ വിശപ്പ് മാറുമോ? ബ്രഹ്മദത്തമഹാരാജാവു പോലും ശുദ്ധോദനനെ ശകാരിച്ചു. രാജാവിനോട് ശുദ്ധോദനൻ ഇത്രയും പറഞ്ഞു.

'കഠിനമായി അദ്ധ്വാനിച്ച് നേടുന്ന രത്നം കൊണ്ട് എന്തുപയോഗമാണുള്ളത്? ഇത് എടുത്ത് ആറ്റിൽ കളഞ്ഞാൽപോലും എനിക്കു ദുഃഖമില്ല. ഇത് നശ്വരമാണ്. ഇത് മനുഷ്യനിൽ രാഗദ്വേഷങ്ങൾ ഉണ്ടാക്കുന്നു. മനുഷ്യനെ കള്ളനും ദുഷ്ടനുമാക്കുന്നു.'

എന്നാൽ സൂക്തങ്ങൾ നല്ല വഴി കാട്ടിത്തരുന്നു.

സൂക്തങ്ങൾ മനസ്സിനെ തണുപ്പിക്കുന്നു. സൂക്തങ്ങൾ സ്നേഹത്തെ പഠിപ്പിക്കുന്നു.

സൂക്തങ്ങൾ ഇരുട്ടും വെളിച്ചവും വേർതിരിച്ച് അറിയിക്കുന്നു. ഇത്രയും പറഞ്ഞുകൊണ്ട് പൊന്നുകൊണ്ടു നിർമ്മിച്ച ഓലയിൽ ശുദ്ധോദനൻ സൂക്തങ്ങൾ കൊത്തി ഓരോ ദിക്കിലും സ്ഥാപിച്ചു. തെക്കുവടക്കും, കിഴക്കു പടിഞ്ഞാറും, ക്ഷേത്രകവാടങ്ങളിൽ, ആപണങ്ങളിൽ, ആളു കൂടുന്നിടങ്ങളിലെല്ലാം പൊന്നോലയിൽ സൂക്തങ്ങൾ തെളിഞ്ഞു. സന്മനസ്സുള്ളവർ വായിച്ച് ആസ്വദിച്ചു. നേർവഴി കണ്ടു. വെളിച്ചം കണ്ടു. സ്നേഹം കണ്ടു. രത്നങ്ങളെക്കാൾ എത്രയോ വിലപ്പെട്ട സൂക്തരത്നങ്ങൾ, കഴിഞ്ഞ ജന്മത്ത് രത്നങ്ങൾ കൊടുത്ത് സൂക്തങ്ങൾ വാങ്ങിയ ആ ശുദ്ധോദനൻ താൻ തന്നെയായിരുന്നു എന്ന് ഭഗവാൻ പറഞ്ഞു. പുണ്യോപദേശത്തിനുവേണ്ടി സ്വത്തു മുഴുവൻ ചെലവാക്കിയത് താൻ തന്നെ. ആ ബാലസരസ്വതി ശാരിപുത്രൻ എന്ന ഭിക്ഷുവാണ്.

ഭിക്ഷുക്കൾ ഇക്കഥ കേട്ടു സൂക്തി മാഹാത്മ്യം മനസ്സിലാക്കി. രത്നങ്ങളേക്കാൾ വിലയുള്ള സൂക്തങ്ങൾക്കായി അവർ ഗ്രന്ഥങ്ങളുടെ താളുകൾ മറിച്ചു. പലതും മനഃപാഠമാക്കി.